# എസ്.എസ്.എൽ.സി. പരീക്ഷ

## മാർച്ച് 2011

# വിജ്ഞാപനം

**പരീക്ഷാകമ്മീഷണറുടെ കാര്യാലയം**

**പരീക്ഷാഭവൻ, പൂജപ്പുര,**

**തിരുവനന്തപുരം 12**

നമ്പർ.ഇ.എക്സ്/സി.ജി.എൽ(1)/3001/10/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം.
തീയതി : 04.09.2010

## വിജ്ഞാപനം

**വിഷയം : 2011 മാർച്ച് മാസത്തിലെ എസ്.എസ്.എൽ.സി പരീക്ഷ - സംബന്ധിച്ച്**

**സൂചന : 1. ജി.ഒ.(എം.എസ്) 200/2006 പൊ.വി.വ. തീയതി 14.08.2006**

**2. ജി.ഒ.(എം.എസ്) 12/2007 പൊ.വി.വ തീയതി 20.01.2007**

**3. ജി.ഒ.(എം.എസ്) 13/2007 പൊ.വി.വ തീയതി 20.01.2007**

**4. ജി.ഒ.(എം.എസ്) 148/2007 പൊ.വി.വ തീയതി 04.08.2007**

**5. സർക്കാർ ഉത്തരവ് നം.2263/09/പൊ.വി.വ. തീയതി.09.06.2009**

**6. സർക്കുലർ നം. വൈ1/10800/10/ഡിപിഐ തീയതി 16.02.2010**

**2011-ലെ എസ്.എസ്.എൽ.സി. പരീക്ഷ മാർച്ച് 14-ാം തീയതി ആരംഭിച്ച് 26-ാം തീയതി അവസാനിക്കുന്നതാണ്.** 14/08/2006-ലെ ജി.ഒ. (എം.എസ്) 200/2006 പൊ.വി.വ., 20.01.2007-ലെ ജി.ഒ.എം.എസ്12/2007 പൊ.വി.വ എന്നീ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പുതിയ സ്കീമിൽ മാത്രമായാണ് ഈ പരീക്ഷ നടത്തപ്പെടുന്നത്.

## വിഭാഗം - എ

### പുതിയ സ്കീമിലെ പരീക്ഷ സംബന്ധിച്ച വിവരങ്ങൾ

1. 14/08/2006ലെ ജി.ഒ.(എം.എസ്) നം.200/2006/പൊ.വി പ്രകാരം 2006 2007 അദ്ധ്യയന വർഷം മുതൽ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് 10 പേപ്പറുകൾ ഉൾപ്പെടുന്ന പരീക്ഷയാണ് നടത്തുന്നത്.
2. ഇംഗ്ലീഷ്, ഗണിതം, സോഷ്യൽ സയൻസ് എന്നീ വിഷയങ്ങളുടെ എഴുത്തു പരീക്ഷയുടെയും തുടർമൂല്യനിർണ്ണയത്തിന്റെയും സ്കോർ 80:20 ഉം, ഇൻഫർമേഷൻ ടെക്നോളജി ഒഴികെയുള്ള മറ്റു വിഷയങ്ങളുടേത് 40:10 ഉം ആയിരിക്കുന്നതാണ്.
3. ഇൻഫർമേഷൻ ടെക്നോളജി പരീക്ഷയുടെ തുടർമൂല്യനിർണ്ണയം, എഴുത്തു പരീക്ഷ, പ്രായോഗിക പരീക്ഷ എന്നിവയുടെ സ്കോർ യഥാക്രമം 10:10:20 ആയിരിക്കും.
4. ഇത് അനുസരിച്ച് എഴുത്തുപരീക്ഷയ്ക്ക് 490 ഉം വിഷയ ബന്ധിത തുടർമൂല്യനിർണ്ണയത്തിന് 130 ഉം, ഐ.റ്റി. പ്രാക്ടിക്കലിന് 20 ഉം ഉൾപ്പെടെ പൊതു പരീക്ഷയുടെ പരമാവധി സ്കോർ 640 ആയിരിക്കും.

5. 80 സ്കോർ ഉള്ള വിഷയങ്ങൾക്ക് 2½ മണിക്കൂറും, 40 സ്കോർ ഉള്ള വിഷയങ്ങൾക്ക് 1 ½ മണിക്കൂറും ഐ.റ്റി വിഷയത്തിന് 1 മണിക്കൂറുമാണ് പരീക്ഷാ സമയം.
6. എസ്.എസ്.എൽ.സി. കാർഡിൽ സ്കോർ ഒഴിവാക്കി ഗ്രേഡ് മാത്രമേ രേഖപ്പെടുത്തുകയുള്ളൂ.
7. 9 പോയിന്റ് സ്കെയിലിൽ ആണ് ഗ്രേഡിംഗ് നടപ്പിലാക്കുന്നത്.

**പരീക്ഷയുടെ വിഷയങ്ങൾ, സ്കോർ, സമയം എന്നിവ താഴെ കാണും പ്രകാരമായിരിക്കും.**

| നമ്പർ | വിഷയങ്ങൾ | | സ്കോർ | | | | സമയം |
|---|---|---|---|---|---|---|---|
| | | | സി.ഇ | പ്രാക്ടിക്കൽ പരീക്ഷ | എഴുത്തു പരീക്ഷ | ആകെ | |
| 1. | ഒന്നാം ഭാഷ-പേപ്പർ 1 | | 10 | | 40 | 50 | 1½ മണിക്കൂർ |
| 2. | ഒന്നാം ഭാഷ - പേപ്പർ 2 | | 10 | | 40 | 50 | 1½ ,, |
| 3. | രണ്ടാം ഭാഷ - ഇംഗ്ലീഷ് | | 20 | | 80 | 100 | 2½ ,, |
| 4. | മൂന്നാം ഭാഷ - ഹിന്ദി | | 10 | | 40 | 50 | 1½ ,, |
| 5. | സോഷ്യൽ സയൻസ് | | 20 | | 80 | 100 | 2½ ,, |
| 6. | ഊർജതന്ത്രം | | 10 | | 40 | 50 | 1½ ,, |
| 7. | രസതന്ത്രം | | 10 | | 40 | 50 | 1½ ,, |
| 8. | ജീവശാസ്ത്രം | | 10 | | 40 | 50 | 1½ ,, |
| 9. | ഗണിതശാസ്ത്രം | | 20 | | 80 | 100 | 2½ ,, |
| 10. | ഇൻഫർമേഷൻ ടെക്നോളജി | തിയറി | 10 | — | 10 | 40 | 1 ,, |
| | | പ്രാക്ടിക്കൽ | — | 20 | — | | |
| ആകെ | | | 130 | 20 | 490 | 640 | 17½ ,, |

**ഗ്രേഡിംഗ് സ്കെയിൽ**

| ഗ്രേഡ് | റേഞ്ച് | ഗ്രേഡ് വാല്യൂ | ഗ്രേഡ് പൊസിഷൻ |
|---|---|---|---|
| A+ | 90 ശതമാനം മുതൽ 100 ശതമാനം വരെ | 9 | Outstanding |
| A | 80 ശതമാനം മുതൽ 89 ശതമാനം വരെ | 8 | Excellent |
| B+ | 70 ശതമാനം മുതൽ 79 ശതമാനം വരെ | 7 | Very Good |
| B | 60 ശതമാനം മുതൽ 69 ശതമാനം വരെ | 6 | Good |
| C+ | 50 ശതമാനം മുതൽ 59 ശതമാനം വരെ | 5 | Above Average |
| C | 40 ശതമാനം മുതൽ 49 ശതമാനം വരെ | 4 | Average |
| D+ | 30 ശതമാനം മുതൽ 39 ശതമാനം വരെ | 3 | Marginal |
| D | 20 ശതമാനം മുതൽ 29 ശതമാനം വരെ | 2 | Need Improvement |
| E | 20 ശതമാനത്തിന് താഴെ | 1 | Need Improvement |

**ഉന്നത വിദ്യാഭ്യാസത്തിന് അർഹത നേടുന്നതിന് തുടർമൂല്യനിർണ്ണയത്തിന്റെ (CE) സ്കോറും എഴുത്തുപരീക്ഷയുടെ (TE) സ്കോറും ചേർത്ത് പരിഗണിക്കുമ്പോൾ ഓരോ പേപ്പറിനും കുറഞ്ഞത് D+ ഗ്രേഡ് (30–39%) എങ്കിലും നേടിയിരിക്കണം.**

## പരീക്ഷയ്ക്ക് ചേരുവാനുള്ള യോഗ്യതകൾ

### 1. റഗുലർ കാൻഡിഡേറ്റ്സ്

സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് (അംഗീകൃതം) സ്കൂളുകളിൽ 2010–2011 അധ്യയന വർഷം 10–ാം തരത്തിൽ പഠിക്കുന്നവരും 01.10.2010–ൽ സ്കൂൾ റോളിൽ ഉള്ളവരും നിശ്ചിത വയസ്സ് പൂർത്തീകരിച്ചവരുമായ വിദ്യാർത്ഥികൾക്ക് റഗുലർ കാൻഡിഡേറ്റ്സ് ആയി പരീക്ഷയ്ക്ക് ചേരാവുന്നതാണ്. ഇവർ പത്താം ക്ലാസിലെ പാഠ്യപദ്ധതിയനുസരിച്ച് ഓരോ പേപ്പറിനും തുടർമൂല്യനിർണ്ണയത്തിന് വിധേയരാവേണ്ടതും വർഷാവസാനത്തിൽ കുറഞ്ഞത് 85% ഹാജർ എങ്കിലും നേടിയിരിക്കേണ്ടതുമാണ്.

**പ്രായപരിധി**

പരീക്ഷാർത്ഥികൾക്ക് 01.06.2010ൽ 14 വയസ്സ് പൂർത്തിയായിരിക്കേണ്ടതാണ്

> 01.06.2010–ൽ 14 വയസ്സ് പൂർത്തിയായവരെ മാത്രമേ കാൻഡിഡേറ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നുള്ളു എന്ന് പ്രഥമാദ്ധ്യാപകർ ഉറപ്പു വരുത്തേണ്ടതാണ്. 01.06.2010–ൽ 14 വയസ് പൂർത്തീകരിക്കാതെ പത്താം തരത്തിലേയ്ക്ക് പ്രവേശനം നേടിയവർ 31.10.2010–ന് മുൻപ് ബന്ധപ്പെട്ട അധികാരികളിൽ നിന്നും വയസ്സിളവ് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് നേടിയിരിക്കണം. (മൂന്ന് മാസം വരെയുള്ള വയസ്സിളവ് ജില്ലാ വിദ്യാഭ്യാസ ആഫീസറിൽ നിന്നും, അതിൽ കൂടുതൽ ഗവൺമെന്റിൽ നിന്നുമാണ് അനുവദിക്കുന്നത്.

### 2. പ്രൈവറ്റ് കാൻഡിഡേറ്റ്സ്

മുൻ വർഷങ്ങളിൽ ഗ്രേഡിംഗ് സമ്പ്രദായത്തിൽ പത്താം തരം പൊതു പരീക്ഷ എഴുതുകയും എന്നാൽ ഉപരിപഠനത്തിന് അർഹത ലഭിക്കാതെയും പോയ പരീക്ഷാർത്ഥികൾക്ക് പ്രൈവറ്റ് കാൻഡിഡേറ്റ് വിഭാഗത്തിൽ പരീക്ഷ എഴുതാവുന്നതാണ്. ഇവർ രണ്ട് വിഭാഗത്തിൽപ്പെടുന്നു

(എ) പ്രൈവറ്റ് കാൻഡിഡേറ്റ്സ് (PCN) – ഫുൾ കോഴ്സ്
(എല്ലാ വിഷയങ്ങളും എഴുതുന്നവർ)

(ബി) പ്രൈവറ്റ് കാൻഡിഡേറ്റ്സ് (PCN)
(യോഗ്യത നേടാത്ത വിഷയങ്ങൾ മാത്രം എഴുതുന്നവർ) – പാർട്ട്

2004–05 അധ്യയന വർഷം നിലവിൽ വന്ന സിലബസിൽ (13 പേപ്പർ) പരീക്ഷ എഴുതി ഉപരിപഠനത്തിന് അർഹത നേടാത്തവർക്ക് 04.08.2007–ലെ ജി.ഒ(എം.എസ്) 148/2007 പൊ.വി.വ എന്ന ഉത്തരവു പ്രകാരം 2011 മാർച്ചിൽ റഗുലർ വിദ്യാർത്ഥികൾക്കുള്ള സിലബസിൽ (10 പേപ്പർ) പരീക്ഷ പ്രൈവറ്റായി ((PCN) എഴുതാവുന്നതാണ്.

### 3. അറ്റൻഡൻസ് റീക്യൂപ്പ്ഡ് ക്യാൻഡിഡേറ്റ്സ്

2009–2010 അദ്ധ്യയന വർഷം ഹാജർ കുറവ് മൂലമോ സാധുവായ മറ്റ് കാരണങ്ങളാലോ, പരീക്ഷ എഴുതാൻ കഴിയാതെ പോയിട്ടുള്ള വിദ്യാർത്ഥികൾ നിരന്തര മൂല്യനിർണ്ണയത്തിന് വിധേയരായിട്ടുണ്ടെങ്കിൽ അറ്റൻഡൻസ് റീക്യൂപ്പ്ഡ് കാൻഡിഡേറ്റായി (ARC) പരീക്ഷ

എഴുതാവുന്നതാണ്. ഹാജർ കുറവുമൂലം പരീക്ഷ എഴുതുവാൻ കഴിയാതെപോയവർ പഠിച്ചിരുന്ന സ്കൂളിൽ നിന്നും പരീക്ഷ എഴുതുവാൻ ആവശ്യമായ ഹാജർ ഈ വർഷം നേടിയിരിക്കേണ്ടതുമാണ്.

**4. ബറ്റർമെന്റ് ഓഫ് റിസൾട്ട് കാൻഡിഡേറ്റ്സ്**

എസ്.എസ്.എൽ.സി പരീക്ഷ എഴുതി ഉപരിപഠനത്തിന് അർഹത നേടുകയും എന്നാൽ പരീക്ഷാഫലം മെച്ചപ്പെടുത്താൻ ആഗ്രഹിക്കുകയും ചെയ്യുന്നവർക്ക് 07.05.1977-ലെ ജി.ഒ.(എം.എസ്) 98/77 പൊ.വി.വ ഉത്തരവിലും 19.01.1982-ലെ ജി.ഒ.(എം.എസ്)8/82 പൊ.വി.വ ഉത്തരവിലും നിഷ്കർഷിച്ചിട്ടുള്ള താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പരീക്ഷാഫലം മെച്ചപ്പെടുത്താവുന്നതാണ്.

1. എസ്.എസ്.എൽ.സി പരീക്ഷ എഴുതി മൂന്നു വർഷത്തിനകം ഫലം മെച്ചപ്പെടുത്തുന്നതിനായി പരീക്ഷ എഴുതണം.

2. എസ്.എസ്.എൽ.സി പരീക്ഷയ്ക്കുശേഷം മറ്റൊരു പരീക്ഷയും എഴുതി ജയിക്കാൻ പാടില്ല.

3. ഫുൾ കോഴ്സായി മാത്രമേ പരീക്ഷ എഴുതാൻ പാടുള്ളൂ.

കംപാർട്ട്മെന്റായും ഫുൾക്കോഴ്സായും പരീക്ഷ എഴുതി ഉപരിപഠനത്തിന് അർഹത നേടിയവർക്ക് ഇതിനുള്ള അവസരം ഉണ്ടായിരിക്കും. ഇങ്ങനെ പരീക്ഷ എഴുതുന്നവരിൽ അവർക്ക് ലഭിച്ചിട്ടുള്ളതിൽ ഏറ്റവും ഗുണകരമായ സ്കോറായിരിക്കും പരിഗണിക്കുന്നത്. 23.08.2008-ലെ ജി.ഒ(ആർ.റ്റി) നം.4168/05 ആയുള്ള സർക്കാർ ഉത്തരവ് പ്രകാരം ഇത്തരത്തിൽ നേടുന്ന സ്കോർ ഉപരി പഠനത്തിന് കണക്കാക്കുന്നതാണ്.

**5. ഭാഷ മാത്രം എഴുതുന്നവർ**

ഇൻഡ്യൻ ആർമി സർട്ടിഫിക്കറ്റ് ഓഫ് എഡ്യൂക്കേഷൻ (ഫസ്റ്റ് ക്ലാസ്) ജയിച്ചിട്ടുള്ളവർ ഈ പാഠ്യപദ്ധതി പ്രകാരമുള്ള ഒന്നാം ഭാഷ മാത്രം എഴുതിയാൽ മതിയാകും. ഇപ്രകാരം എഴുതി കുറഞ്ഞത് D+ ഗ്രേഡ് എങ്കിലും വാങ്ങിയാൽ അവർ സിവിൽ എംപ്ലോയ്മെന്റിനു മാത്രം യോഗ്യത നേടിയതായി പ്രഖ്യാപിക്കുന്നതാണ്. അപേക്ഷയോടൊപ്പം അവർക്ക് ലഭിച്ചിട്ടുള്ള ആർമി സർട്ടിഫിക്കറ്റും (അസ്സൽ) ഹാജരാക്കേണ്ടതാണ്. ഇവർ എസ്.എസ്.എൽ.സി കാർഡിന്റെ വില നൽകേണ്ടതില്ല. ഇൻഡ്യൻ ആർമി സിവിൽ എംപ്ലോയ്മെന്റ് എസ്.എസ്.എൽ.സി. പരീക്ഷയിൽ ഒന്നാം ഭാഷയ്ക്ക് D+ ഗ്രേഡ് ലഭിച്ചിട്ടുള്ളവർക്കും സർട്ടിഫിക്കറ്റിന് അർഹത ഉണ്ടായിരിക്കും. (16.09.1962-ലെ ഗവൺമെന്റ് ഉത്തരവ് ജി.ഒ. (എം.എസ്) 596/62 എഡ്യൂ. പ്രകാരവും (30.03.1976-ലെ ഗവൺമെന്റ് ഉത്തരവ് ജി.ഒ. (ആർ.റ്റി)1337/76/ജി.എഡ്യൂ. പ്രകാരവും)

ദക്ഷിണ ഭാരത ഹിന്ദി പ്രചാര സഭ നൽകിയിട്ടുള്ള രാഷ്ട്ര ഭാഷാ സർട്ടിഫിക്കറ്റോ തിരുവിതാംകൂർ, കേരള ഹിന്ദി പ്രചാരസഭ നൽകിയിട്ടുള്ള ഹിന്ദി ഭൂഷൺ സർട്ടിഫിക്കറ്റോ കേരള യൂണിവേഴ്സിറ്റി നൽകിയിട്ടുള്ള ഹിന്ദി വിദ്വാൻ സർട്ടിഫിക്കറ്റോ ലഭിച്ചിട്ടുള്ള അദ്ധ്യാപകർക്കും ഈ പൊതുപരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

**കുറിപ്പ് :- 1. അപേക്ഷയോടൊപ്പം പ്രസ്തുത സർട്ടിഫിക്കറ്റിന്റെ അസ്സൽ ഉൾപ്പെടുത്തിയിരിക്കണം.**

**2. ജോലി ചെയ്യുന്ന സ്കൂളിന്റെ മേധാവി അപേക്ഷ സാക്ഷ്യപ്പെടുത്തിയിരിക്കണം.**

**3. പരീക്ഷാഫീസും എസ്.എസ്.എൽ.സി കാർഡിന്റെ വിലയും ഒടുക്കേണ്ടതാണ്.**

## ഐ.റ്റി. പരീക്ഷയെ സംബന്ധിച്ച വിശദാംശങ്ങൾ

17.09.2004ലെ ജി.ഒ.(എം.എസ്)295/04/പൊതു വിദ്യാഭ്യാസ (ജി) വകുപ്പ്, 04.09.2007–ലെ ജി.ഒ.(ആർ.റ്റി) നം. 4030/07 എന്നീ ഉത്തരവുകൾ പ്രകാരം എസ്.എസ്.എൽ.സി, ഐ.റ്റി വിഷയത്തിന്റെ സ്കോർ പരമാവധി 40 ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 30 സ്കോർ പൊതുപരീക്ഷയ്ക്കും 10 സ്കോർ നിരന്തര മൂല്യനിർണ്ണയത്തിനുമായിരിക്കും. പൊതുപരീക്ഷയുടെ 30 സ്കോറിൽ 10 സ്കോർ തിയറി പരീക്ഷയ്ക്കും 20 സ്കോർ പ്രായോഗിക പരീക്ഷയ്ക്കുമാണുള്ളത്.

### എ) പൊതു നിർദ്ദേശങ്ങൾ

1. 2011 മാർച്ചിലെ എസ്.എസ്.എൽ.സി – ഐ.ടി. പ്രായോഗിക പരീക്ഷ സ്വതന്ത്ര സോഫ്റ്റ്വെയറിൽ മാത്രമാണ് നടത്തുന്നത്.
2. എഴുത്തു പരീക്ഷയും പ്രായോഗിക പരീക്ഷയും പ്രത്യേകം പ്രത്യേകമായി നടത്തുന്നതാണ്.
3. മുൻവർഷത്തിൽ ഐ.ടി പരീക്ഷ (എഴുത്തു പരീക്ഷയും പ്രായോഗിക പരീക്ഷയും തുടർ മൂല്യ നിർണയവും) നടത്തിയ രീതിയിൽ തന്നെയാണ് ഈ വർഷവും പരീക്ഷ നടത്തുന്നത്.
4. ഐ.ടി. പ്രായോഗിക പരീക്ഷയുടെ സോഫ്റ്റ്വെയർ കേന്ദ്രഗവൺമെന്റ് ഏജൻസിയായ Standardisation Testing and Quality Certification Agency (എസ്.റ്റി.ക്യൂ.സി.എ) ആയിരിക്കും പരിശോധിക്കുന്നത്.

### ബി. പ്രായോഗിക പരീക്ഷ

1. പ്രായോഗിക പരീക്ഷയ്ക്ക് ആകെ 20 സ്കോറാണ് നിശ്ചയിച്ചിരിക്കുന്നത്. അതിൽ 18 സ്കോർ ഐ.ടി. ശേഷികൾ പരിശോധിക്കുന്നതിനും, 2 സ്കോർ പ്രാക്ടിക്കൽ വർക്ക് ബുക്കിന് വേണ്ടിയും നീക്കിവെച്ചിരിക്കുന്നു. സോഫ്റ്റ്വെയറിന്റെ സഹായത്തോടെ നടത്തുന്ന 18 സ്കോറിനുള്ള പരീക്ഷയുടെ ഉത്തരങ്ങൾ ഇൻവിജിലേറ്റർമാരായി നിയമിക്കപ്പെടുന്ന അദ്ധ്യാപകർ തന്നെയായിരിക്കും മൂല്യനിർണ്ണയം നടത്തുന്നത്. അദ്ധ്യാപകരുടെ മൂല്യനിർണ്ണയത്തിൽ ലഭിച്ച സ്കോറും, പ്രാക്ടിക്കൽ വർക്ക്ഷീറ്റിന് ലഭിച്ച സ്കോറും രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം സോഫ്റ്റ്വെയറിൽ ഉണ്ടായിരിക്കും.
2. മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നട എന്നീ ഭാഷകളിൽ ലിനക്സ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ പ്രവർത്തിക്കുന്ന സോഫ്റ്റ്വെയർ പരീക്ഷ നടത്തിപ്പിനായി ലഭ്യമാക്കുന്നതാണ്.
3. പ്രായോഗിക പരീക്ഷയുടെ സമയം മൊത്തം 45 മിനിട്ടായിരിക്കും (അദ്ധ്യാപകർ മൂല്യനിർണ്ണയത്തിനെടുക്കുന്ന സമയം ഇതിൽ ഉൾപ്പെടുന്നില്ല). കുട്ടികൾ പരീക്ഷയ്ക്ക് എടുക്കുന്ന സമയം സോഫ്റ്റ്വെയറിൽ കാണാവുന്നതാണ്.

### സി. പ്രായോഗിക പരീക്ഷാകേന്ദ്രങ്ങൾ

1. സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളും, അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളും പരീക്ഷാകേന്ദ്രങ്ങളായിരിക്കും. ഏതെങ്കിലും സ്കൂളിൽ പരീക്ഷ നടത്താൻ വേണ്ട ഭൗതിക സാഹചര്യം ഇല്ലെങ്കിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഡെപ്യൂട്ടിഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ആഫീസർ എന്നിവർ നിർദ്ദേശിക്കുന്ന സ്കൂളുകൾ പരീക്ഷ സെക്രട്ടറി ഐ.ടി. പ്രായോഗിക പരീക്ഷ കേന്ദ്രങ്ങളായി പ്രഖ്യാപിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

2. ഐ.ടി. പ്രായോഗിക പരീക്ഷ നടത്താൻ നിശ്ചിത നിലവാരത്തിലുള്ള കമ്പ്യൂട്ടറുകൾ ആവശ്യത്തിനുള്ളതും എന്നാൽ എഴുത്തു പരീക്ഷാ കേന്ദ്രമായി പ്രഖ്യാപിക്കാത്തതുമായ സ്കൂളുകളെ പ്രത്യേക ഐ.ടി പരീക്ഷാ കേന്ദ്രമായി (Special IT Exam Centre) പ്രഖ്യാപിക്കാൻ പരീക്ഷാ കമ്മീഷണർക്ക് അധികാരമുണ്ടായിരിക്കും.
3. ഐ.ടി പ്രായോഗിക പരീക്ഷയ്ക്ക് പുനർമൂല്യനിർണയം ഉണ്ടായിരിക്കുന്നതല്ല.
4. പ്രായോഗിക പരീക്ഷയ്ക്ക് കുട്ടികൾക്ക് ലഭിക്കുന്ന സ്കോറിന് രഹസ്യസ്വഭാവമുള്ളതിനാൽ പരീക്ഷാകേന്ദ്രത്തിൽ കുട്ടികൾക്ക് ലഭിച്ചിട്ടുള്ള സ്കോർ പ്രസിദ്ധപ്പെടുത്തുന്നതല്ല.

**ഡി. 2009–10 വർഷത്തിൽ നടന്ന ഐ.ടി. പരീക്ഷയിൽ ഉന്നത പഠനത്തിനു യോഗ്യത നേടാത്ത വിദ്യാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ**

1. 2010 മാർച്ചിലെ പൊതുപരീക്ഷയിൽ പങ്കെടുത്തെങ്കിലും ഐ.ടി.യ്ക്ക് D ഗ്രേഡോ അതിനു താഴയോ ലഭിച്ച് ഉന്നത പഠനത്തിന് യോഗ്യത നേടാത്ത വിദ്യാർത്ഥികൾക്ക് അവർ എഴുതിയ വർഷത്തെ അതേ മാതൃകയിൽ എഴുത്തു പരീക്ഷ നടത്തുന്നതാണ്.
2. ഇത്തരത്തിലുള്ള വിദ്യാർത്ഥികൾക്ക് ഐ.ടി. നിരന്തര മൂല്യനിർണ്ണയത്തിനും പ്രായോഗിക പരീക്ഷയ്ക്കും കഴിഞ്ഞ വർഷം ലഭിച്ച സ്കോർ തന്നെ നിലനിർത്തുന്നതായിരിക്കും.
3. 2010 മാർച്ചിലെ എസ്.എസ്.എൽ.സി, ഐ.ടി. പ്രായോഗിക പരീക്ഷയിൽ ഹാജരാകാതിരുന്ന വിദ്യാർത്ഥികൾക്ക് വേണ്ടി എല്ലാ വിദ്യാഭ്യാസ ജില്ലകളിലും തെരഞ്ഞെടുക്കപ്പെട്ട പരീക്ഷാ കേന്ദ്രങ്ങളിൽ 2011 മാർച്ച് 28 തിങ്കളാഴ്ച പ്രായോഗിക പരീക്ഷ നടത്തുന്നതാണ്. 2010 മാർച്ചിലെ അതേ മാതൃകയിൽ തന്നെയായിരിക്കും ഇവർക്കുള്ള പരീക്ഷാ നടത്തിപ്പും സ്കോർ നിർണ്ണയവും.

## സേവ് എ ഇയർ (SAY) പരീക്ഷ

2011–മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിദ്യാഭ്യാസത്തിന് അർഹത നേടാനാകാത്തവർക്ക് 2011 മേയ് മാസം നടത്തുന്ന സേവ് എ ഇയർ (സേ) പരീക്ഷ എഴുതാൻ അർഹതയുണ്ടായിരിക്കുന്നതാണ്. ഇതു സംബന്ധിച്ച് പ്രത്യേക വിജ്ഞാപനം യഥാസമയം പുറപ്പെടുവിക്കുന്നതാണ്.

**2011 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയുടെ സമയവിവരപ്പട്ടിക**

| തീയതി | ദിവസം | സമയം | വിഷയം |
|---|---|---|---|
| 14.03.2011 | തിങ്കൾ | ഉച്ചയ്ക്ക് ശേഷം 1.45 മുതൽ 3.30 വരെ | ഒന്നാം ഭാഷ പാർട്ട് I മലയാളം/ തമിഴ്/കന്നട/ സംസ്കൃതം (അക്കാഡമിക്)/ ഗുജറാത്തി/ അറബി(അക്കാഡമിക്)/ ഉറുദു/ അഡീ.ഇംഗ്ലീഷ്/ അഡീ.ഹിന്ദി/ സംസ്കൃതം ഓറിയന്റൽ ഒന്നാം പേപ്പർ (സംസ്കൃതസ്കൂളുകൾക്ക്) അറബി ഓറിയന്റൽ ഒന്നാം പേപ്പർ (അറബി സ്കൂളുകൾക്ക്) |
| 15.03.2011 | ചൊവ്വ | ഉച്ചയ്ക്ക് ശേഷം 1.45 മുതൽ 3.30 വരെ | ഒന്നാം ഭാഷ പാർട്ട് II മലയാളം/ തമിഴ്/കന്നട/സ്പെഷ്യൽ ഇംഗ്ലീഷ്/ അറബി ഓറിയന്റൽ രണ്ടാം പേപ്പർ (അറബി സ്കൂളുകൾക്ക്)/ ഫിഷറീസ് സയൻസ് (ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾക്ക്)/ സംസ്കൃതം ഓറിയന്റൽ രണ്ടാം പേപ്പർ (സംസ്കൃതസ്കൂളുകൾക്ക്) സംസ്കൃതം (സ്പെഷ്യൽ) |
| 16.03.2011 | ബുധൻ | ഉച്ചയ്ക്ക്ശേഷം 1.45 മുതൽ 4.30 വരെ | രണ്ടാം ഭാഷ ഇംഗ്ലീഷ് |
| 17.03.2011 | വ്യാഴം | ഉച്ചയ്ക്ക് ശേഷം 1.45 മുതൽ 3.30 വരെ | മൂന്നാം ഭാഷ ഹിന്ദി/ ജനറൽ നോളഡ്ജ് |
| 19.03.2011 | ശനി | ഉച്ചയ്ക്ക് ശേഷം 1.45 മുതൽ 3.30 വരെ | ഫിസിക്സ് |
| 21.03.2011 | തിങ്കൾ | ഉച്ചയ്ക്ക് ശേഷം 1.45 മുതൽ 4.30 വരെ | മാത്തമാറ്റിക്സ് |
| 22.03.2011 | ചൊവ്വ | ഉച്ചയ്ക്ക് ശേഷം 1.45 മുതൽ 3.30 വരെ | കെമിസ്ട്രി |
| 23.03.2011 | ബുധൻ | ഉച്ചയ്ക്ക് ശേഷം 1.45 മുതൽ 3.00 വരെ | ഇൻഫർമേഷൻ ടെക്നോളജി |
| 24.03.2011 | വ്യാഴം | ഉച്ചയ്ക്ക് ശേഷം 1.45 മുതൽ 4.30 വരെ | സോഷ്യൽ സയൻസ് |
| 26.03.2011 | ശനി | ഉച്ചയ്ക്ക് ശേഷം 1.45 മുതൽ 3.30 വരെ | ബയോളജി |

**പ്രത്യേക ശ്രദ്ധയ്ക്ക്**

1. അംഗീകരിച്ചിട്ടുള്ള ഇൻഡ്യൻ ഔദ്യോഗിക സമയക്രമം കൃത്യമായും പാലിക്കേണ്ടതാണ്.
2. പരീക്ഷാ കമ്മീഷണറുടെ നിർദ്ദേശം ഇല്ലാതെ യാതൊരു കാരണവശാലും പരീക്ഷ മാറ്റിവയ്ക്കുവാൻ പാടുള്ളതല്ല.
3. പരീക്ഷാ സമയവിവരപട്ടികയിൽ നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും ദിവസം സർക്കാർ അവധി പ്രഖ്യാപിക്കുകയാണെങ്കിൽ കൂടി മുകളിൽ പരാമർശിച്ച സമയവിവരപട്ടിക കർശനമായും പാലിക്കേണ്ടതാണ്.
4. നൽകിയിരിക്കുന്ന സമയവിവരപ്പട്ടികയനുസരിച്ച്, മുൻപ് ശനിയാഴ്ച രാത്രി പരീക്ഷ എഴുതുവാൻ അനുവാദം ഉണ്ടായിരുന്ന വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ആവശ്യമെങ്കിൽ അന്നേദിവസം വൈകുന്നേരം അതാതു സെന്ററുകളിൽ പരീക്ഷ എഴുതുന്നതിന് പ്രത്യേക ക്രമീകരണം ഏർപ്പെടുത്തുന്നതാണ്. ഇവർ അന്നേ ദിവസം ഉച്ചയ്ക്കുശേഷം 1.30 മണിക്ക് രക്ഷകർത്താക്കൾക്കൊപ്പം ചീഫ് സൂപ്രണ്ടിന്റെ ചേമ്പറിൽ എത്തേണ്ടതാണ്. കൂടുതൽ നിർദ്ദേശങ്ങൾ യഥാസമയം നൽകുന്നതാണ്.
5. പരീക്ഷയുടെ ആരംഭത്തിലെ 15 മിനിറ്റ് (1.45 മുതൽ 2 മണി വരെ) ആശ്വാസ സമയമായിരിക്കും (Cool off Time). ഈ സമയത്ത് യാതൊരു കാരണവശാലും കുട്ടികൾ ഉത്തരക്കടലാസിൽ ഉത്തരങ്ങൾ എഴുതുവാൻ പാടുള്ളതല്ല.

## വിഭാഗം ബി

## പൊതുനിർദ്ദേശങ്ങൾ

### I. പരീക്ഷയ്ക്ക് അപേക്ഷിക്കേണ്ട വിധം

പരീക്ഷയ്ക്കു ചേരുന്ന വിദ്യാർത്ഥികൾ അപേക്ഷയും സർട്ടിഫിക്കറ്റ് കാർഡും പരീക്ഷാ ഫീസിനുള്ള തുകയും ഈ വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള നിശ്ചിത തീയതികളിൽ അവർ തെരഞ്ഞെടുത്തിട്ടുള്ള പരീക്ഷാ കേന്ദ്രത്തിലെ ഹെഡ്മാസ്റ്ററെ ഏൽപ്പിക്കേണ്ടതാണ്.

ഓരോ വിഭാഗത്തിൽപ്പെടുന്നവർക്കും അപേക്ഷിക്കുന്നതിനായി പ്രത്യേകം അപേക്ഷാഫാറങ്ങൾ നിശ്ചയിട്ടുണ്ട്.

(ശ) അനുബന്ധം (എ) - പ്രൈവറ്റായും അറ്റന്റൻസ് റീക്യുപ്ഡായും ബെറ്റർമെന്റായും പരീക്ഷയെഴുതുവാൻ ആഗ്രഹിക്കുന്നവരെ ഉദ്ദേശിച്ചിട്ടുള്ളതാണ്.

(ശശ) അനുബന്ധം (ബി) - പ്രഥമ ഭാഷയോ, ഹിന്ദി മാത്രമോ എഴുതുന്നവർക്കായുള്ള പൊതുഫാറമാണ്.

മേൽ സൂചിപ്പിച്ച ഫാറങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നതല്ല.

എ-4 സൈസ് പേപ്പറിൽ ടൈപ്പ് ചെയ്യപ്പെട്ട ഫാറമോ കൈയെഴുത്തു ഫാറമോ ഉപയോഗിക്കാവുന്നതാണ്.

ഈ വിജ്ഞാപനത്തിൽ നൽകിയിട്ടുള്ള മാതൃകയിലായിരിക്കണം ഫാറം തയ്യാറാക്കേണ്ടത്.

പരീക്ഷാർത്ഥിയുടെ സ്വന്തം കൈപ്പടയിൽ ശ്രദ്ധാപൂർവ്വം ഫാറം പൂരിപ്പിക്കേണ്ടതാണ്.

അപേക്ഷയോടൊപ്പം തിരിച്ചറിയൽ സർട്ടിഫിക്കറ്റും സമർപ്പിക്കേണ്ടതാണ്. (അനുബന്ധം എ1)

പി.സി.എൻ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ഉപരിപഠനത്തിന് അർഹത ലഭിക്കാതെപോയ മുഴുവൻ വിഷയങ്ങളും അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഈ വിഷയങ്ങൾ ഏതൊക്കെയെന്ന് വളരെ ശ്രദ്ധാപൂർവ്വം രേഖപ്പെടുത്തേണ്ടതും ഫീസ് പരീക്ഷാസെന്ററിലെ ഹെഡ്മാസ്റ്ററെ ഏൽപ്പിക്കേണ്ടതുമാണ്.

ഇവർ മുമ്പ് എസ്.എസ്.എൽ.സി പരീക്ഷ എഴുതിയ എല്ലാ ചാൻസിന്റെയും നമ്പറും വർഷവും അപേക്ഷാ ഫാറത്തിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ഏതെങ്കിലും ചാൻസ് വിട്ടുപോകുകയോ മറച്ചുവയ്ക്കുകയോ ചെയ്താൽ പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല.

പ്രൈവറ്റ് പരീക്ഷാർത്ഥികൾ അവർ ആദ്യം എഴുതിയ സ്കൂളുകൾ തന്നെ പരീക്ഷാ കേന്ദ്രങ്ങളായി തെരഞ്ഞെടുക്കേണ്ടതാണ്.

സമയപരിധിക്കുള്ളിൽ സമർപ്പിക്കാത്തതും നിശ്ചിത തുക മുഴുവൻ അടയ്ക്കാത്തതുമായ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്.

പ്രൈവറ്റ് വിദ്യാർത്ഥികൾ അഡ്മിഷൻ ടിക്കറ്റിൽ പതിക്കുന്നതിനായി തിരിച്ചറിയൽ സർട്ടിഫിക്കേറ്റിൽ പതിച്ചിരിക്കുന്ന ഫോട്ടോയുടെ ഒരു കോപ്പി കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഫോട്ടോയുടെ മറുവശത്ത് പേർ കൂടി രേഖപ്പെടുത്തേണ്ടതാണ്.

അപേക്ഷ, എസ്.എസ്. എൽ.സി കാർഡ് തുടങ്ങിയവ ഏതെങ്കിലും മദ്ധ്യവർത്തികളെ ഏൽപ്പിക്കാതിരിക്കാൻ അപേക്ഷകർ പ്രത്യേകം ശ്രദ്ധിക്കണം.

## II. പരീക്ഷാഫീസ്

| | | രൂപ |
|---|---|---|
| (എ) | റഗുലർ/ ARC വിഭാഗം | 30.00 |
| (ബി) | പ്രൈവറ്റ് വിഭാഗം (ഒരു പേപ്പറിന്) | 20.00 |
| (സി) | ബെറ്റർമെന്റ് ഓഫ് റിസൾട്ട് വിഭാഗം | 200.00 |
| (ഡി) | ഹിന്ദി മാത്രം വിഭാഗം | 15.00 |
| (ഇ) | പ്രഥമ ഭാഷ മാത്രം വിഭാഗം | 40.00 |
| (എഫ്) | താമസിച്ച് ഒടുക്കുന്നതിനുള്ള പിഴ (ഫൈൻ) | 10.00 |

**ഒരു കാരണവശാലും പരീക്ഷാഫീസ് നേരിട്ട് തുകയായോ ചെക്കായോ മണിയോർഡറായോ പോസ്റ്റൽ ഓർഡറായോ മറ്റു വിധത്തിലോ ഈ ഓഫീസിലേക്ക് അയക്കുവാൻ പാടുള്ളതല്ല.** പരീക്ഷാ കേന്ദ്രത്തിലെ പ്രഥമാദ്ധ്യാപകൻ മുഖാന്തിരം മാത്രമേ പരീക്ഷാ ഫീസ് അടയ്ക്കുവാൻ പാടുള്ളു. ഒരിക്കൽ ഒടുക്കിയ പരീക്ഷാഫീസ് യാതൊരു കാരണവശാലും തിരിച്ചുകൊടുക്കുകയോ തുടർന്ന് വരുന്ന പരീക്ഷകൾക്ക് കണക്കാക്കുകയോ ഇല്ല. **താമസിച്ച് ലഭിക്കുന്ന അപേക്ഷകൾ യാതൊരുകാരണവശാലും സ്വീകരിക്കുന്നതല്ല.** പരീക്ഷാർത്ഥികളുടെ സ്വന്തം പേരിൽ പരീക്ഷാഫീസ് ഒടുക്കുവാനോ അപേക്ഷ ഈ ആഫീസിലേക്ക് അയക്കുവാനോ പാടില്ല. അപ്രകാരം ലഭിക്കുന്ന അപേക്ഷ പരിഗണിക്കുന്നതല്ല.

## III. പരീക്ഷാഫീസിൽ നിന്നും ഒഴിവാക്കൽ

1. ഗവൺമെന്റ് സ്കൂളുകളിൽ നിന്നോ എയിഡഡ് സ്കൂളുകളിൽനിന്നോ പത്താം ക്ലാസിലെ പഠനം പൂർത്തിയാക്കി ആദ്യതവണ പരീക്ഷാർത്ഥികളായി വരുന്ന ദാരിദ്രരേഖയ്ക്ക് താഴെയുള്ള വിദ്യാർത്ഥികളെ പരീക്ഷാഫീസിൽനിന്നും ഒഴിവാക്കിയിരിക്കുന്നു. (3-10-2001 ലെ G.O.Rt.No.3668/01 ജനറൽ എഡ്യൂക്കേഷൻ) ബി.പി.എൽ ആണെന്ന് തെളിയിക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾ നൽകുന്ന സാക്ഷ്യപത്രം കുട്ടികളുടെ രക്ഷകർത്താക്കളിൽ നിന്നും പ്രഥമാദ്ധ്യാപകർ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

2. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും പട്ടികജാതി പട്ടികവർഗ-വികസന വകുപ്പ് അധ്യക്ഷൻമാർ പ്രസിദ്ധപ്പെടുത്തുന്നതിനനുസരിച്ച് കുടുംബിയും മതംമാറി വന്നവരും ഉൾപ്പെടെ മറ്റ് അർഹതയുള്ള വിഭാഗത്തിൽപ്പെട്ടവരും (ഒ.ഇ.സി) പരീക്ഷാ എഴുതുന്നതിന് ആദ്യത്തെ രണ്ടു പ്രാവശ്യത്തേക്കു ഫീസ് ഒടുക്കേണ്ടതില്ല. (17-6-1971 ലെ ഗവൺമെന്റ് ഉത്തരവ് ആർ.റ്റി 1387/ 71/എസ്.എഡ്യു.). ഒന്നാം തവണ പരീക്ഷ എഴുതി ഉന്നതപഠനത്തിന് യോഗ്യത നേടാത്തവർ മൂന്നുകൊല്ലത്തിനകം രണ്ടാം തവണയും പരീക്ഷ എഴുതുന്നുവെങ്കിൽ മാത്രമേ പ്രസ്തുത ആനുകൂല്യം ലഭ്യമാകൂ.

3. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫീസില്ലാതെ അഞ്ചുവർഷം വരെ പരീക്ഷ എഴുതാവുന്നതാണ് (25-2-1981 ലെ ഗവൺമെന്റ് ഉത്തരവ് ( ആർ.റ്റി) 680/81/ ജി. എഡ്യൂ).

4. അംഗീകൃത അനാഥാലയങ്ങളിലേയും സർക്കാർ ക്ഷേമ സ്ഥാപനങ്ങളിലേയും അന്തേവാസികളായ പരീക്ഷാർത്ഥികളെ പരീക്ഷാഫീസിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

5. ARC, ബെറ്റർമെന്റ് എന്നീ വിഭാഗത്തിൽപ്പെടുന്നവർക്ക് ഫീസിളവിന് അർഹതയില്ല.

6. മുകളിൽ (1) യിൽ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പത്താം ക്ലാസിലെ പഠിത്തം പൂർത്തിയാക്കിയിട്ടുള്ള മാഹിയിലേയും ലക്ഷദ്വീപിലേയും വിദ്യാർത്ഥികൾക്ക് ആദ്യ തവണ പരീക്ഷ എഴുതുന്നതിന് ഫീസ് ഇളവ് ഉണ്ടായിരിക്കും.

7. അംഗീകാരമുള്ള അൺ എയിഡഡ് സ്കൂളുകളിൽ നിന്ന് പത്താംക്ലാസ്സിലെ പഠിത്തം പൂർത്തിയാക്കിയിട്ടുള്ളവർ (പട്ടികജാതി, പട്ടിക വർഗ്ഗത്തിൽപ്പെട്ടവരും കുടുംബികൾ ഉൾപ്പെടെ മതപരിവർത്തനം നടത്തിയവരും ഒഴികെ). പരീക്ഷ എഴുതുന്നതിനായി ഫീസ് ഒടുക്കേണ്ടതാണ്.

**ഹെഡ്മാസ്റ്റർമാർ പരീക്ഷാഫീസ് ശേഖരിച്ച് 0202-01-102-99 എന്ന ശീർഷകത്തിൽ ട്രഷറിയിൽ നിശ്ചിത തീയതിയിൽ തന്നെ ഒടുക്കുകയും ഒറിജിനൽ ചെല്ലാൻ രസീത്, ഒറിജിനൽ എസ്.എസ്.എൽ.സി കാർഡ് എന്നിവ അപേക്ഷയോടൊപ്പം ആവശ്യമായ പരിശോധനയ്ക്ക് സ്കൂളിൽ സൂക്ഷിക്കേണ്ടതുമാണ്. ഓരോ ഇനത്തിലുള്ള ഫീസിനും സ്കൂളിൽ ഉപയോഗിക്കുന്ന ഫീസ് രസീത് ബുക്കിൽ നിന്നും രസീതുകൾ നൽകേണ്ടതാണ്.**

## IV. എസ്.എസ്.എൽ.സി കാർഡിന്റെ വില

എല്ലാ വിഭാഗത്തിൽപ്പെട്ട പരീക്ഷാർത്ഥികളും എസ്.എസ്.എൽ.സി കാർഡിന്റെ വിലയായി 15 രൂപ നൽകേണ്ടതാണ്. എന്നാൽ ജി.ഒ.(എം.എസ്) നം.6/09/പൊ.വി.വ. തീയതി 14/01/2009 പ്രകാരം അംഗീകൃത അനാഥാലയങ്ങളിലേയും സർക്കാർ ക്ഷേമ സ്ഥാപനങ്ങളിലേയും അന്തേവാസികളായ പരീക്ഷാർത്ഥികൾ, ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർ (ബി.പി.എൽ) എന്നിവരെ എസ്.എസ്.എൽ.സി കാർഡിന്റെ വില ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

ഹെഡ്മാസ്റ്റർമാർ സർട്ടിഫിക്കറ്റ് **കാർഡിന്റെ വില ശേഖരിച്ച്** **0202-01-102-92 അദർ റെസീപ്റ്റ്സ്** എന്ന ശീർഷകത്തിൽ 20.10.2010 ലോ അതിനു മുൻപായോ പ്രത്യേകമായി ഖജനാവിൽ ഒടുക്കേണ്ടതും അസൽ ചെലാൻ തുടർന്നുള്ള പരിശോധനകൾക്ക് പരീക്ഷാകേന്ദ്രത്തിൽ തന്നെ സൂക്ഷിക്കേണ്ടതുമാണ്.

## V. കാൻഡിഡേറ്റ് ലിസ്റ്റുകളും CDയും തയ്യാറാക്കുന്ന വിധം

പരീക്ഷാഫീസ് സ്വീകരിക്കേണ്ട അവസാന ദിവസം കഴിഞ്ഞാൽ ഉടൻ തന്നെ എസ്.എസ്.എൽ.സി. പരീക്ഷാർത്ഥികളുടെ വിശദവിവരങ്ങൾ ഉൾക്കൊള്ളുന്ന കാൻഡിഡേറ്റ് ലിസ്റ്റുകൾ ഹെഡ്മാസ്റ്റർമാർ താഴെ പറയും പ്രകാരം തയ്യാറാക്കേണ്ടതാണ്.

### 1. എ ലിസ്റ്റ്

പ്രൈവറ്റ് വിഭാഗം ഒഴികെ, എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ എ ലിസ്റ്റിൽ (A List) താഴെ പറയും പ്രകാരം തയ്യാറാക്കേണ്ടതാണ്. കാൻഡിഡേറ്റ് ലിസ്റ്റ് പൂർണ്ണമായും സ്കൂൾ അഡ്മിഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിക്കുന്ന വിവരങ്ങൾ അനുസരിച്ച് മാത്രമായിരിക്കണം തയ്യാറാക്കേണ്ടത്. നിശ്ചിത തീയതിക്കകം ലിസ്റ്റ് തയ്യാറാക്കി ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ഏൽപ്പിക്കുന്നതിനോടൊപ്പം കാൻഡിഡേറ്റ് ലിസ്റ്റിന്റെ ഒരു പകർപ്പ് സ്കൂളുകളിൽ സൂക്ഷിക്കേണ്ടതുമാണ്. ഹെഡ്മാസ്റ്റർമാർ സാക്ഷ്യപ്പെടുത്തിയ കാൻഡിഡേറ്റ് ലിസ്റ്റായിരിക്കണം ജില്ലാ വിദ്യാഭാസ ഓഫീസിൽ ഏൽപ്പിക്കേണ്ടത്.

ഓരോ വിഭാഗത്തിലും മലയാളം മീഡിയം ആദ്യവും ഇംഗ്ളീഷ് മീഡിയം രണ്ടാമതും എഴുതി വേണം ലിസ്റ്റ് തയ്യാറാക്കേണ്ടത്.

ഇംഗ്ലീഷ് അക്ഷരമാലാക്രമത്തിൽ ആദ്യം പെൺകുട്ടികളുടെ പേര് വിവരങ്ങളും പിന്നീട് ആൺകുട്ടികളുടെ പേര് വിവരങ്ങളും അവരുടെ കാൻഡിഡേറ്റ് വിഭാഗ പ്രകാരവും ഒന്നാം ഭാഷ പ്രകാരവുമാണ് എഴുതേണ്ടത്. ഇനിഷ്യൽ പേരിന്റെ പിന്നിൽ ചേർക്കേണ്ടതാണ്.

ക്യാൻഡിഡേറ്റ് വിഭാഗം കോളത്തിൽ റഗുലർ വിഭാഗത്തിന് R എന്നും, അറ്റൻഡൻസ് റീകൂപ്ഡ് കാൻഡിഡേറ്റിനെ ARC എന്നും, ബെറ്റർമെന്റ് BT എന്നും, മലയാളം മാത്രം M എന്നും, ഹിന്ദി മാത്രം H എന്നും രേഖപ്പെടുത്തേണ്ടതാണ്.

കാൻഡിഡേറ്റ് വിഭാഗത്തിന്റെയും ഭാഷാ വിഷയങ്ങളുടെയും ക്രമം താഴെ കാണിച്ചിരിക്കുന്നു.

| ക്രമ നമ്പർ | കാൻഡിഡേറ്റ് വിഭാഗം | ഒന്നാം ഭാഷ പ്രകാരം |
|---|---|---|
| 1. | റഗുലർ കാൻഡിഡേറ്റ് (R) | (1) മലയാളം<br>(2) അഡീഷണൽ ഇംഗ്ലീഷ്<br>(3) അഡീഷണൽ ഹിന്ദി<br>(4) സംസ്കൃതം<br>(5) അറബി<br>(6) ഉറുദു<br>(7) തമിഴ്<br>(8) കന്നട<br>(9) ഗുജറാത്തി |
| 2. | അറ്റൻഡൻസ് റീക്യൂപ്ഡ് ക്യാൻഡിഡേറ്റ് (ARC) | |
| 3. | ബെറ്റർമെന്റ് (BT) | |
| 4. | മലയാളം മാത്രമുള്ളവർ (M) | |
| 5. | ഹിന്ദി മാത്രമുള്ളവർ (H) | |

## 2. B ലിസ്റ്റ്

പ്രൈവറ്റ് പരീക്ഷാർത്ഥികളുടെ (PCN) വിവരങ്ങൾ ബി ലിസ്റ്റിൽ എഴുതി തയ്യാറാക്കേണ്ടതാണ്. ഇത് തയ്യാറാക്കുമ്പോൾ ഓരോ വിദ്യാർത്ഥിയും മുൻ വർഷങ്ങളിൽ പരീക്ഷ എഴുതിയ രജിസ്റ്റർ നമ്പറും വർഷവും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. മുഴുവൻ അവസരങ്ങളുടെയും വിവരങ്ങൾ നൽകാത്തവർക്ക് പരീക്ഷ എഴുതുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

ബി ലിസ്റ്റ് തയ്യാറാക്കുമ്പോൾ താഴെ കൊടുത്തിരിക്കുന്ന ക്രമം പാലിക്കേണ്ടതാണ്.

| ക്രമ നമ്പർ | കാൻഡിഡേറ്റ് വിഭാഗം | ഒന്നാം ഭാഷ പ്രകാരം |
|---|---|---|
| 1. | പ്രൈവറ്റ് കാൻഡിഡേറ്റ്സ് (ഫുൾ കോഴ്സ്) | (1) മലയാളം<br>(2) അഡീഷണൽ ഇംഗ്ലീഷ്<br>(3) അഡീഷണൽ ഹിന്ദി<br>(4) സംസ്കൃതം<br>(5) അറബി<br>(6) ഉറുദു<br>(7) തമിഴ്<br>(8) കന്നട<br>(9) ഗുജറാത്തി |
| 2. | പ്രൈവറ്റ് കാൻഡിഡേറ്റ്സ് (പാർട്ട് – യോഗ്യത നേടാത്ത വിഷയ ങ്ങൾ മാത്രം എഴുതുന്നവർ) | |

### 3. CD തയ്യാറാക്കുന്ന വിധം

പരീക്ഷാഭവനിൽ നിന്നും നൽകുന്ന സി.ഡി.യിൽ **എല്ലാ വിഭാഗം** പരീക്ഷാർത്ഥികളുടെയും വിവരം (പ്രൈവറ്റ് വിഭാഗം ഉൾപ്പടെ) ഉൾക്കൊള്ളിക്കേണ്ടതാണ്.

**പരീക്ഷാഭവനിൽ നിന്നും നൽകുന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വിദ്യാർത്ഥികളുടെ വിശദവിവരങ്ങൾ രേഖപ്പെടുത്തിയശേഷം അതിൽ നിന്നും ലഭിക്കന്ന Text Format പരീക്ഷാഭവന്റെ ഔദ്യോഗിക വെബ്പോർട്ടലായ sslcexamkerala.gov.in ലേക്ക് ഓൺലൈൻ വഴി 01.11.2010 ന് മുൻപ് UPLOAD ചെയ്യേണ്ടതാണ്. ഇതിന്റെ ഉത്തരവാദിത്വം സ്കൂൾ ഹെഡ്മാസ്റ്റർമാർക്കാണ്. കൂടാതെ UPLOAD ചെയ്യുന്ന Text Format CDയിൽ പകർത്തി സ്കൂളിൽ സുക്ഷിക്കേണ്ടതുമാണ്. പരീക്ഷാഭവനിൽ നിന്നും ആവശ്യപ്പെടുമ്പോൾ ഇതു ഹാജരാക്കേണ്ടതാണ്. ഇത് സംബന്ധിച്ച കൂടുതൽ നിർദ്ദേശങ്ങൾ സി.ഡി.യോടൊപ്പം ലഭ്യമാക്കുന്നതാണ്. കൂടാതെ SITC മാർക്ക് പ്രത്യേക പരിശീലനവും ഇത് സംബന്ധിച്ച് നൽകുന്നതാണ്.**

**കാൻഡിഡേറ്റ് ലിസ്റ്റ് ഹെഡ്മാസ്റ്റർമാർ 01/11/2010 ന് മുൻപ് ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ എത്തിക്കേണ്ടതാണ്.**

## VI. Intelligent Character and Recognition (ICR) ഫോറം തയ്യാറാക്കൽ

മുൻ വർഷത്തെപ്പോലെ ഈ വർഷവും റഗുലർ വിദ്യാർത്ഥികളുടെ എസ്.എസ്.എൽ.സി കാർഡിൽ ഫോട്ടോ പ്രിന്റ് ചെയത് നൽകുന്നതാണ്. ഇതിനായി പ്രത്യേകം തയ്യാറാക്കിയ ICR (Intelligent Character and Recognition) ഫോറം വിതരണം ചെയ്യുന്നതാണ്.

- **ICR ഫോറത്തിൽ ഓരോ കുട്ടിയുടേയും 2.5.ঃ 2.5 സൈസിലുള്ള ബ്ളാക്ക് ആന്റ് വൈറ്റ് ഫോട്ടോ പതിക്കേണ്ടതാണ്.**
- **കറുത്ത മഷിയിൽ തന്നെ വിദ്യാത്ഥിയുടെ ഒപ്പും പതിക്കേണ്ടതാണ്.**
- **ഒരേ പേരുള്ള ഒന്നിലധികം വിദ്യാർത്ഥികൾ ഉണ്ടങ്കിൽ അവരുടെ ഫോട്ടോ ICR ഫാറത്തിൽ പതിക്കുമ്പോൾ മാറിപ്പോകാതെ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.**
- **ഫോട്ടോ പതിച്ച ICR ഫോമുകൾ പരീക്ഷാഭവനിൽ തിരികെ നൽകുന്നതിനുള്ള കൂടുതൽ നിർദേശങ്ങൾ യഥാസമയം നൽകുന്നതാണ്.**

## VII മറ്റ് നിർദ്ദേശങ്ങൾ

(എ) **പരീക്ഷാർത്ഥിയുടെ ബയോഡേറ്റ തയ്യാറാക്കുമ്പോൾ പ്രത്യേകിച്ച് പരീക്ഷാർത്ഥിയുടെ പേര്, ജനനതീയതി, പൗരത്വം, മീഡിയം, ഒന്നാം ഭാഷ Part I, Part II എന്നിവ അത്യന്തം ശ്രദ്ധിക്കേണ്ടതാണ്.**

(ബി) ഗൾഫ് മേഖലയിലേയും ലക്ഷദ്വീപിലേയും പരീക്ഷാകേന്ദ്രങ്ങളിലെ ഹെഡ്മാസ്റ്റർമാർ അവരവരുടെ കേന്ദ്രങ്ങളിലെ പരീക്ഷാർത്ഥികളുടെ വിവരങ്ങൾ നിശ്ചിത ലിസ്റ്റുകളിൽ **തയ്യാറാക്കി പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറിക്ക് 01.11.2010–ന് മുമ്പ് സമർപ്പിക്കേണ്ടതാണ്. പ്രധാന അദ്ധ്യാപകർ കാൻഡിഡേറ്റ് ലിസ്റ്റ് ഒപ്പിട്ട് സാക്ഷ്യപ്പെടുത്തിയിരിക്കണം. കൂടാതെ പരീക്ഷാഭവനിൽ നിന്നും നൽകുന്ന സോഫ്റ്റ്വെയർ ഉപയോഗിച്ച് പരീക്ഷാർത്ഥികളുടെ വിവരം ഉൾപ്പെടുത്തി Text Format Upload ചെയ്യേണ്ടതുമാണ്.** പരീക്ഷാ ഫീസും കാർഡിന്റെ വിലയും ഡിമാന്റ് ഡ്രാഫ്റ്റായി പരീക്ഷാകമ്മീഷണറുടെ സെക്രട്ടറിയുടെ പേരിൽ അയയ്ക്കേണ്ടതുമാണ്.

(സി) റെഗുലർ കാൻഡിഡേറ്റ് ഒഴികെയുള്ളവരിൽ നിന്നും പരീക്ഷാഫീസ് അതത് കേന്ദ്രങ്ങളിൽ ഹെഡ്മാസ്റ്റർമാർ സ്വീകരിക്കുമ്പോൾ എസ്.എസ്.എൽ.സി കാർഡിൽ തിരുത്തലുകളോ ക്രമക്കേടുകളോ നടന്നിട്ടില്ലെന്നും അപേക്ഷകളിൽ **അവർ മുമ്പ് എഴുതിയ മുഴുവൻ അവസരങ്ങളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.** അപേക്ഷയോടൊപ്പം എസ്.എസ്.എൽ.സി. കാർഡ് പരീക്ഷാകേന്ദ്രങ്ങളിൽ സൂക്ഷിക്കേണ്ടതും പുതിയ മാർക്ക് ലിസ്റ്റ് ലഭിച്ചാലുടൻ കാർഡ് സഹിതം പരീക്ഷാർത്ഥികൾക്ക് തിരികെ നൽകേണ്ടതുമാണ്. **യാതൊരു കാരണവശാലും ഒറിജിനൽ സർട്ടിഫിക്കറ്റ് പരീക്ഷാഭവനിലേയ്ക്ക് അയയ്ക്കുവാൻ പാടില്ല.**

(ഡി) **ഒരേ പേരുള്ള ഒന്നിലധികം കുട്ടികൾ ഉണ്ടെങ്കിൽ** അവരുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(ഇ) പരീക്ഷാകേന്ദ്രങ്ങളുടെ പട്ടിക പിന്നാലെ പ്രസിദ്ധീകരിക്കുന്നതാണ്.

(എഫ്) പരീക്ഷാ കേന്ദ്രങ്ങൾ അല്ലാത്ത സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എ ലിസ്റ്റ് തയ്യാറാക്കി അനുവദിക്കപ്പെട്ട പരീക്ഷാ കേന്ദ്രത്തിൽ 20.10.2010–ന് മുൻപ് നൽകേണ്ടതാണ്. എന്നാൽ പരീക്ഷാർത്ഥികളുടെ വിവരം **Text Formatൽ Upload ചെയ്യേണ്ടത് ബന്ധപ്പെട്ട സ്കൂൾ അധികാരികളാണ്.**

(ജി) പ്രൈവറ്റ് വിദ്യാർഥികളെ സംബന്ധിച്ചിടത്തോളം അവരെ ആദ്യമായി എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് അയച്ച സ്കൂൾ മുഖാന്തിരം വേണം പിന്നീടുള്ള പരീക്ഷയ്ക്ക് അപേക്ഷിക്കേണ്ടത്. പരീക്ഷാകേന്ദ്രം മാറ്റണമെന്നുണ്ടെങ്കിൽ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ അനുവാദം കാലേകൂട്ടി വാങ്ങേണ്ടതുണ്ട്.

(എച്ച്) ഒരിക്കൽ നിശ്ചയിച്ചു തന്ന പരീക്ഷാ കേന്ദ്രം മാറുവാൻ യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല.

(ഐ) നൽകിയിരിക്കുന്ന സമയവിവരപ്പട്ടികയനുസരിച്ച്, മുൻപ് ശനിയാഴ്ച രാത്രി പരീക്ഷ എഴുതുവാൻ അനുവാദം ഉണ്ടായിരുന്ന വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ആവശ്യമെങ്കിൽ അന്നേ ദിവസം വൈകുന്നേരം അതതു സെന്ററുകളിൽ പരീക്ഷ എഴുതുന്നതിന് പ്രത്യേക ക്രമീകരണം ഏർപ്പെടുത്തുന്നതാണ്. **ഇപ്രകാരം ആവശ്യപ്പെടുന്ന കുട്ടികളുടെ വിവരം എ ലിസ്റ്റിനോടൊപ്പം നൽകുന്ന പ്രത്യേക ഫോമിൽ ഹെഡ്മാസ്റ്റർമാർ നൽകേണ്ടതാണ്.** ബന്ധപ്പെട്ട രക്ഷിതാക്കളുടെ അപേക്ഷയും ഇതോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഇവർക്കായുള്ള കൂടുതൽ നിർദ്ദേശങ്ങൾ യഥാസമയം നൽകുന്നതാണ്.

(ജെ) ഗ്രേഡിംഗ് സമ്പ്രദായത്തിൽ ഉന്നത പഠനത്തിനുള്ള മിനിമം യോഗ്യതയായി എല്ലാ വിഷയങ്ങൾക്കും ഡി+ ഗ്രേഡ് നിശ്ചയിച്ചിരിക്കുന്നതിനാൽ **2005 മാർച്ച് മുതൽ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് (പുതിയ സ്കീം) ഓരോ പേപ്പറിനും ഡി+ ഗ്രേഡ് എങ്കിലും ലഭിക്കാത്ത കുട്ടികൾ പ്രസ്തുത വിഷയം മാത്രം എഴുതി ഉയർന്ന ഗ്രേഡ് ലഭിച്ചാൽ ഉന്നത വിദ്യാഭ്യാസത്തിന് അർഹരാകുന്നതാണ്.**

**(കെ) പരീക്ഷാർത്ഥികളുടെ എല്ലാ വിഷയങ്ങളുടെയും നിരന്തരമൂല്യനിർണ്ണയത്തിന്റെ സ്കോർ 2011 ജനുവരി 20ന് 5 മണിക്ക് മുൻപായി ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ എത്തിക്കേണ്ടതാണ്.**

## VIII. പരീക്ഷാഫീസ് ഒടുക്കേണ്ടതും കാൻഡിഡേറ്റ് ലിസ്റ്റ് സമർപ്പിക്കേണ്ടതുമായതീയതികൾ.

| | | |
|---|---|---|
| (എ) | അപേക്ഷയും ഫീസും പിഴ കൂടാതെ പരീക്ഷ സെന്ററുകളിലെ ഹെഡ്മാസ്റ്റർമാർ സ്വീകരിക്കുന്ന തീയതി | 11.10.2010 മുതൽ 15.10.2010 വരെ |
| (ബി) | 11.10.2010 മുതൽ 15.10.2010 വരെ ലഭിച്ച ഫീസുകൾ ഖജനാവിൽ ഒടുക്കേണ്ട തീയതി | 18.10.2010 |
| (സി) | പിഴയോടുകുടി പരീക്ഷാഫീസും അപേക്ഷയും സ്വീകരിക്കേണ്ട തീയതി | 18.10.2010 മുതൽ 19.10.2010 വരെ |
| (ഡി) | പിഴയോടുകൂടി ലഭിച്ചിട്ടുള്ള തുക ഖജനാവിൽ ഒടുക്കേണ്ട തീയതി | 20.10.2010 |
| (ഇ) | എസ്.എസ്.എൽ.സി കാർഡിന്റെ തുക ഹെഡ്മാസ്റ്റർമാർ ഖജനാവിൽ അടക്കേണ്ട അവസാന തീയതി | 20.10.2010 |
| (എഫ്) | സോഫ്റ്റ്‌വെയറിൽ നിന്നുള്ള Text format upload ചെയ്യാനുള്ള അവസാന തീയതി | 01.11.2010 |
| (ജി) | പരീക്ഷാർത്ഥികളുടെ സാക്ഷ്യപ്പെടുത്തിയ കാൻഡിഡേറ്റ് ലിസ്റ്റ് സ്കൂളുകളിൽ നിന്നും ബന്ധപ്പെട്ട ഡി.ഇ.ഒ.മാർക്ക് നൽകേണ്ട അവസാന തീയതി | 01.11.2010 |
| (എച്ച്) | ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ കാൻഡിഡേറ്റ് ലിസ്റ്റ് പരീക്ഷാസെക്രട്ടറിക്ക് കൈമാറേണ്ട തീയതി | 02.11.2010 |

- **നിശ്ചിത തീയതിക്കുശേഷം പരീക്ഷാകേന്ദ്രമേധാവികൾ പരീക്ഷാർത്ഥികളിൽ നിന്നും അപേക്ഷ സ്വീകരിക്കാൻ പാടില്ലാത്തതാകുന്നു.**
- **പിരിച്ചെടുത്ത ഫീസുകൾ നിശ്ചയിച്ചിട്ടുള്ള തീയതികളിൽ തന്നെ ഖജനാവിൽ ഒടുക്കേണ്ടതാണ്. വൈകിയുള്ള പണം ഒടുക്കൽ ഒരു കാരണവശാലും അനുവദിക്കുന്നതല്ല.**
- **അസ്സൽ ചെലാൻ, സർട്ടിഫിക്കറ്റ് കാർഡ്/ബുക്ക്, അപേക്ഷ എന്നിവ മറ്റു പരിശോധനകൾക്കായി പരീക്ഷാ കേന്ദ്രങ്ങളിൽ തന്നെ സൂക്ഷിക്കേണ്ടതാണ്.**
- **എ & ബി ലിസ്റ്റുകൾ കറുത്ത മഷി ഉപയോഗിച്ച് തയ്യാറാക്കണം. പ്രസ്തുത ലിസ്റ്റ് പരീക്ഷാഭവൻ ഉദ്യോഗസ്ഥർ ഡി.ഇ.ഒ.മാരിൽ നിന്ന് നേരിട്ട് ശേഖരിക്കുന്നതായിരിക്കും.**
- **കാൻഡിഡേറ്റ് ലിസ്റ്റിൽ കുട്ടികളുടെ പേര് അഡ്മിഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നതു പോലെ ഇംഗ്ലീഷിൽ വലിയ അക്ഷരത്തിൽ (ക്യാപ്പിറ്റൽ ലെറ്റേഴ്സ്) ആയിരിക്കണം എഴുതേണ്ടത്.**

## IX. എസ്.എസ്.എൽ. സി. പരീക്ഷയ്ക്കുള്ള രേഖകൾ അയയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

പരീക്ഷാർത്ഥികളുടെ വിവരശേഖരണ പട്ടിക (കാൻഡിഡേറ്റ് ലിസ്റ്റ്- എ & ബി) പ്രത്യേകം കവറുകളിൽ/പാക്കറ്റുകളിൽ ഉള്ളടക്കം ചെയ്തശേഷം അതിനു മുകളിൽ പരീക്ഷാകേന്ദ്രത്തിന്റെ നമ്പർ, പേര്, വിദ്യാഭ്യാസ ജില്ലയുടെ പേര്, കേന്ദ്രത്തിന്റെ ടെലിഫോൺ നമ്പർ എന്നിവയും, **സെക്രട്ടറി റ്റു ദി കമ്മീഷണർ ഫോർ ഗവൺമെന്റ് എക്സാമിനേഷൻസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം - 12** എന്ന മേൽവിലാസവും വ്യക്തമായി കാണിച്ച് 01.11..2010നോ അതിനു മുൻപോ ബന്ധപ്പെട്ട ഡി.ഇ.ഒ മാർക്ക് കൈമാറ്റം ചെയ്യേണ്ടതാണ്.

## X. ഗ്രേസ് മാർക്ക് ആനുകൂല്യം

1. എസ്.എസ്.എൽസി പരീക്ഷാർത്ഥികളിൽ അർഹരായവർക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി ഗ്രേസ് മാർക്ക് അനുവദിച്ച് നൽകുന്നതാണ്.
2. **സംസ്ഥാന സ്കൂൾ കലോത്സവം, അറബിക്/സംസ്കൃതോത്സവം, സ്പെഷ്യൽ സ്കൂൾ കലോത്സവം, ശാസ്ത്രമേള, ഗണിതശാസ്ത്രമേള, സാമൂഹ്യ ശാസ്ത്ര മേള, പ്രവൃത്തി പരിചയമേള, ഐ.റ്റി.മേള, സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് (രാഷ്ട്രപതി അവാർഡ്/രാജ്യ പുരസ്ക്കാർ), ജൂനിയർ റെഡ് ക്രോസ്, ദേശീയ ബാലശാസ്ത്ര കോൺഗ്രസ്, എൻ.സി.സി എന്നിവയിൽ സ്ഥാനവും ഗ്രേഡും നേടുന്നവർക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നതാണ്.** (വിശദാംശങ്ങൾക്ക് അപ്പെൻഡിക്സ് ഐ ആയി ചേർത്തിട്ടുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 16.02.2010 - ലെ നം. വൈ 1/10800/ഡി.പി.ഐ സർക്കുലർ കാണുക).
3. പൊതുവിദ്യാഭ്യാസ ഡയറക്ടർ സംസ്ഥാന തലത്തിൽ നടത്തുന്ന കേരള സ്റ്റേറ്റ് അത്‌ലറ്റിക് ചാമ്പ്യൻഷിപ്പ്/കേരള സ്കൂൾ അക്വാറ്റിക് മീറ്റ്/സ്കൂൾ ഗെയിംസ് ഫെസ്റ്റിവൽ മത്സരങ്ങളിൽ പങ്കെടുത്ത് നിശ്ചിത സ്ഥാനം നേടുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നതാണ്.
4. അന്താരാഷ്ട മത്സരങ്ങളിൽ ഇന്ത്യയെ പ്രതിനിധീകരിക്കുന്നവർക്കും, നാഷണൽ സ്കൂൾ മീറ്റുകളിൽ പങ്കെടുക്കുന്നവർക്കും ഗ്രേസ് മാർക്ക് അനുവദിക്കുന്നതാണ്.
5. ദേശീയ ബാല ശാസ്ത്ര കോൺഗ്രസ്സ്, എൻ.സി.സി., സ്പോർട്സ് ആൻഡ് ഗെയിംസ് ഇനങ്ങളിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറും മറ്റു വിഭാഗങ്ങളിൽ വിദ്യാഭ്യാസ ഉപഡയറക്ടറുമാണ് ഗ്രേസ് മാർക്ക് അനുവദിച്ചു നൽകുന്നത്. പരീക്ഷാർത്ഥിക്ക് ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രേസ് മാർക്ക് ചേർത്ത് സർട്ടിഫിക്കറ്റ് നൽകുന്നതാണ്.
6. പരീക്ഷാർത്ഥികൾക്ക് ഗ്രേസ് മാർക്ക് അനുവദിച്ചുക്കൊണ്ടുള്ള ഉത്തരവ് 25.03.2011ന് മുൻപായി പരീക്ഷാസെക്രട്ടറിക്ക് ലഭിക്കേണ്ടതാണ്.

## XI. സവിശേഷ സഹായം ആവശ്യമായ വിദ്യാർത്ഥികൾക്ക് നൽകുന്ന പരീക്ഷാനുകൂല്യങ്ങൾ

VI, HI, OH, MR, LD എന്നീ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കാണ് എസ്. എസ്. എൽ. സി പരീക്ഷയിൽ ആനുകൂല്യങ്ങൾ നൽകുന്നത്.

**ഇതിനായി പരീക്ഷാർത്ഥിക്ക് 40%-മോ അതിലധികമോ വൈകല്യമുണ്ടെന്ന് തെളിയിക്കുന്ന മെഡിക്കൽ ബോർഡ് നൽകുന്ന സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ കോപ്പി നിർബന്ധമായും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഒറിജിനൽ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് അയക്കേണ്ടതില്ല.**

**പഠന വൈകല്യമുള്ള കുട്ടികളുടെ കാര്യത്തിൽ 40% എന്ന മാനദണ്ഡം ബാധകമല്ല.** ഈ വിഭാഗത്തിലുള്ളവർ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന് പകരമായി **ഏതെങ്കിലും സർക്കാർ ആശുപത്രിയിലെ അസിസ്റ്റന്റ് സർജൻ റാങ്കിൽ കുറയാത്ത സൈക്യാട്രി വിഭാഗം വിദഗ്ധൻ നൽകുന്ന സർട്ടിഫിക്കറ്റും ഐ.ക്യു അസസ്സ്മെന്റ് റിപ്പോർട്ടും സമർപ്പിക്കേണ്ടതാണ്.** സൈക്യാട്രി വിഭാഗം ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റിൽ ഡിസ്ഗ്രാഫിയ/ഡിസ്ലെക്സിയ/ഡിസ്കാൽക്കുലിയ എന്നിവയിലേതെന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

പരീക്ഷാനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ DEO വഴി മാത്രമേ സമർപ്പിക്കാവൂ. നേരിട്ടു സമർപ്പിക്കുന്ന അപേക്ഷകളും, സ്കൂളുകളിൽ നിന്ന് നേരിട്ട് അയക്കുന്ന അപേക്ഷകളും, അവ്യക്തമായ അപേക്ഷകളും യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

### A. കാഴ്ചക്കുറവുള്ള കുട്ടികൾ (Visually impaired)

i) ഓരോ മണിക്കൂറിനും 10 മിനിട്ട് സമയം അധികം അനുവദിക്കുന്നതാണ്. ബ്രെയിലി ലിപിയിൽ പരീക്ഷ എഴുതുന്നവർക്ക് ഓരോ മണിക്കൂറിനും 15 മിനിട്ട് അധികസമയം ലഭിക്കുന്നതാണ്.

ii) കൂടാതെ ഗ്രാഫ്, ഡ്രോയിംഗ്, ഡയഗ്രംസ്, ജോമെട്രിക്കൽ ഫിഗേർസ് തുടങ്ങിയ ചോദ്യങ്ങളിൽ നിന്നും ഇവരെ ഒഴിവാക്കുന്നതാണ്. ചോദ്യങ്ങളിൽ നിന്ന് ഈ ഭാഗം ഒഴിവാക്കിയാണ് മൂല്യനിർണ്ണയം നടത്തുന്നത്.

iii) ആവശ്യമെങ്കിൽ ഉത്തരം കേട്ടെഴുതുന്നതിന് ഒരു സഹായിയെ (സ്ക്രൈബ്) അനുവദിക്കുന്നതാണ്.

iv) ആവശ്യമെങ്കിൽ ഈ വിഭാഗം വിദ്യാർത്ഥികൾക്ക് കണക്ക് വിഷയം ഒഴിവാക്കാവുന്നതും പകരം കമ്പ്യൂട്ടർ വിദ്യാഭ്യാസം, റാട്ടൺ വർക്ക്, വോക്കൽ മ്യൂസിക്, ഇൻസ്ട്രമെന്റൽ മ്യൂസിക് എന്നീ വിഷയങ്ങളിൽ ഏതെങ്കിലും ഒന്ന് തെരഞ്ഞെടുക്കാവുന്നതുമാണ്.

**ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് 40%മോ അതിലധികമോ വൈകല്യമുണ്ടെന്ന് തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് മാത്രം മതിയാകും.**

### B. കേൾവിക്കുറവുള്ള കുട്ടികൾ (Hearing Impaired)

i) ഭാഷാജ്ഞാനക്കുറവ് പരിഗണിച്ച് ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് അവർ എഴുത്തു പരീക്ഷയിൽ നേടുന്ന മാർക്കിന്റെ 25% ഗ്രേസ് മാർക്കായി കൂടുതൽ ലഭിക്കുന്നതാണ്. ആവശ്യമെങ്കിൽ ഇവർക്ക് ഒന്നാം ഭാഷ, രണ്ടാം ഭാഷ ഇവയിൽ ഏതെങ്കിലും ഒന്നും കൂടാതെ ഹിന്ദിയും ഒഴിവാക്കാവുന്നതാണ്. ഒഴിവാക്കുന്ന വിഷയങ്ങൾക്ക് പകരമായി (a) കമ്പ്യൂട്ടർ

വിദ്യാഭ്യാസം, (b) ഹോർട്ടികൾച്ചർ, (c) കേറ്ററിംഗ്, (d) ഡ്രോയിംഗ് & പെയിന്റിംഗ് എന്നീ വിഷയങ്ങളിൽ താൽപര്യമുള്ളവ തെരഞ്ഞെടുക്കാവുന്നതാണ്. ഒന്നാം ഭാഷയിൽ 2 പേപ്പറുകൾ ഉള്ളതിനാൽ അവയ്ക്ക് പകരമായി മേൽ പറഞ്ഞ വിഷയങ്ങളിൽ ഏതെങ്കിലും 2 എണ്ണം തെരഞ്ഞെടുക്കേണ്ടതാണ്. വ്യാഖ്യാതാവിന്റെ സേവനം ആവശ്യമെങ്കിൽ അനുവദിക്കുന്നതാണ്.

ഗ്രേസ് മാർക്ക്, ഭാഷാ വിഷയങ്ങൾ ഒഴിവാക്കൽ എന്നീ ആനുകൂല്യങ്ങൾ മാത്രം മതിയെങ്കിൽ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് മാത്രം മതിയാകും. വ്യഖ്യാതാവിന്റെ സേവനം ലഭിക്കുവാൻ പ്രത്യേക സർട്ടിഫിക്കറ്റ് ആവശ്യമാണ്. (മാതൃക അനുബന്ധം ഇ-യിൽ ചേർത്തിരിക്കുന്നു)

### C. ശാരീരികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ (Loco Motor Disability/OH)

i) ശാരീരിക വൈകല്യം മൂലം കൈകൾ സ്വതന്ത്രമായി ചലിപ്പിക്കാൻ കഴിയാത്ത പരീക്ഷാർത്ഥികൾക്ക് **ഓരോ മണിക്കൂറിനും 10 മിനിട്ട് വീതം അധികസമയം** അനുവദിക്കുന്നതാണ്.

ii) ഗ്രാഫ്, ഡയഗ്രം, ഡ്രോയിംഗ്, ജോമട്രിക്കൽ ഫിഗേർസ്, എന്നീ ചോദ്യങ്ങളിൽ നിന്ന് ആവശ്യമെങ്കിൽ ഒഴിവാക്കുന്നതാണ്.

iii) കൈകൾ ഉപയോഗിച്ച് എഴുതാൻ സാധിക്കാത്ത കുട്ടികൾക്ക് മാത്രമേ ഉത്തരം കേട്ടെഴുതുന്നതിന് സഹായിയെ (Scribe) അനുവദിക്കുകയുള്ളൂ.

iv) OH വിഭാഗം കുട്ടികളുടെ കാര്യത്തിൽ കൈകൾക്ക് സ്വാധീനമില്ലാത്തതിനാൽ Scribe-ന്റെ സേവനം ആവശ്യമാണെന്ന് ബന്ധപ്പെട്ട പ്രഥമാദ്ധ്യാപകൻ സർട്ടിഫൈ ചെയ്യേണ്ടതാണ് (അനുബന്ധം ഇ).

v) അധിക സമയം മാത്രം മതിയെങ്കിൽ Medical Board Certificate മാത്രം സമർപ്പിച്ചാൽ മതിയാകും.

### D. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ (Mental Retardation)

ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് മുകളിൽ സൂചിപ്പിച്ച A, B, C, വിഭാഗക്കാർക്ക് നൽകുന്ന മുഴുവൻ ആനുകൂല്യങ്ങളും ആവശ്യമെങ്കിൽ അനുവദിക്കുന്നതാണ്. Scribe, Interpreter ഇതിൽ ഏതെങ്കിലും ഒരാളുടെ സേവനം മാത്രമേ ലഭിക്കുകയുള്ളു. ഗ്രേസ് മാർക്ക് മാത്രം മതിയെങ്കിൽ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് മാത്രം സമർപ്പിച്ചാൽ മതിയാകും.

### E. പഠനവൈകല്യം (Specific Learning Disorder)

പഠനവൈകല്യമുള്ള കുട്ടികൾക്ക് **ഗ്രേസ് മാർക്ക് ലഭിക്കുന്നതല്ല.**

**ഡിസ്‌ലെക്സിയ** – ഒരു പേപ്പറിന് മണിക്കൂറിന് 10 മിനിട്ട് അധികമായി നൽകുന്നു. കൂടാതെ ആവശ്യമെങ്കിൽ വ്യാഖ്യാതാവിന്റെ സേവനവും ലഭിക്കുന്നതാണ്.

**ഡിസ്ഗ്രാഫിയ** – ഈ വിഭാഗം വിദ്യാർത്ഥികൾക്ക് മണിക്കൂറിന് 10 മിനിട്ട് അധികസമയം അനുവദിക്കുന്നതാണ്. ഇവർക്ക് ആവശ്യമെങ്കിൽ ഒന്നാം ഭാഷ, രണ്ടാം ഭാഷ ഇവയിൽ ഏതെങ്കിലും ഒന്നും കൂടാതെ ഹിന്ദിയും ഒഴിവാക്കാവുന്നതാണ്. ഒഴിവാക്കുന്ന വിഷയങ്ങൾക്ക് പകരമായി (a) കമ്പ്യൂട്ടർ വിദ്യാഭ്യാസം, (b) ഹോർട്ടികൾച്ചർ, (c) കേറ്ററിംഗ്, (d) ഡ്രോയിംഗ് & പെയിന്റിംഗ് എന്നീ വിഷയങ്ങളിൽ താൽപര്യമുള്ളവ തെരഞ്ഞെടുക്കാവുന്നതാണ്.

ഒന്നാം ഭാഷയിൽ 2 പേപ്പറുകൾ ഉള്ളതിനാൽ അവയ്ക്ക് പകരമായി മേൽ പറഞ്ഞ വിഷയങ്ങളിൽ ഏതെങ്കിലും 2 എണ്ണം തെരഞ്ഞെടുക്കേണ്ടതാണ്. കൂടാതെ ഉത്തരം കേട്ടെഴുതുന്നതിന് ഒരു സഹായിയേയും (Scribe) ആവശ്യമെങ്കിൽ അനുവദിക്കുന്നതാണ്.

**ഡിസ്കാൽക്കുലിയ–** ഈ വിഭാഗം കുട്ടികൾക്ക് കണക്ക് വിഷയം ഒഴിവാക്കുകയോ അല്ലെങ്കിൽ പ്രസ്തുത വിഷയത്തിന് മാത്രമായി വ്യാഖ്യാതാവിന്റെ സേവനം ആവശ്യപ്പെടുകയോ ചെയ്യാവുന്നതാണ്. ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾ കണക്ക് പരീക്ഷ എഴുതുന്നുവെങ്കിൽ സിംപിൾ കാൽകുലേറ്റർ ഉപയോഗിക്കുവാൻ അനുവദിക്കുന്നതാണ്. കണക്ക് വിഷയം ഒഴിവാക്കുന്ന പരീക്ഷാർത്ഥികൾ പകരമായി കംപ്യൂട്ടർ വിദ്യാഭ്യാസം, റാട്ടൺ വർക്സ്, വോക്കൽ മ്യൂസിക്ക്, ഇൻസ്ട്രമെന്റൽ മ്യൂസിക്ക്, എന്നീ വിഷയങ്ങളിൽ എതെങ്കിലും ഒന്നിൽ പരീക്ഷ എഴുതേണ്ടതാണ്. കൂടാതെ ഒരു പേപ്പറിന് മണിക്കൂറിന് 10 മിനിറ്റ് വീതം അധിക സമയം അനുവദിക്കുന്നതാണ്.

**പഠന വൈകല്യമുള്ള കുട്ടികൾ** തങ്ങൾക്ക് ആനുകൂല്യം ലഭിക്കുന്നതിന് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിനു പകരം നിർദ്ദേശിച്ച സർട്ടിഫിക്കറ്റിനോടൊപ്പം ആവശ്യമായ ആനുകൂല്യങ്ങൾ രേഖപ്പെടുത്തിയ പ്രഥമാദ്ധ്യാപകന്റെ സർട്ടിഫിക്കറ്റ് കൂടി സമർപ്പിക്കേണ്ടതാണ്. (അനുബന്ധം ഇ)

പ്രഥമാദ്ധ്യാപകൻ നൽകുന്ന എല്ലാ സർട്ടിഫിക്കറ്റുകളും ജില്ലാ വിദ്യാഭ്യാസ ഓഫീസർ Countersign ചെയ്താൽ മാത്രമേ സ്വീകരിക്കുകയുള്ളൂ.

ഭാഷാവിഷയങ്ങൾ, കണക്ക് എന്നിവ ഒഴിവാക്കുന്ന കുട്ടികളുടെ നിരന്തര മൂല്യനിർണ്ണയം (C.E) നടത്തേണ്ടത് അവർ പകരം തെരഞ്ഞെടുക്കുന്ന വിഷയങ്ങളിൽ തന്നെ ആയിരിക്കണം.

കണക്കിനും ഭാഷാ വിഷയങ്ങൾക്കും പകരം തെരഞ്ഞെടുത്ത വിഷയങ്ങളിലെ പരീക്ഷ പൊതു പരീക്ഷയ്ക്കുശേഷം അതത് ജില്ലകളിൽ വച്ച് പരീക്ഷാഭവൻ നേരിട്ട് നടത്തുന്നതാണ്.

**പത്താം തരത്തിൽ കുറവ് യോഗ്യതയുള്ളവർക്ക് മാത്രമേ സ്ക്രൈബായി നിയമിക്കപ്പെടുവാൻ അർഹതയുള്ളൂ. ഇന്റർപ്രെട്ടർമാരായി IEDSS / IED Resource അദ്ധ്യാപകരെ നിയോഗിക്കാവുന്നതാണ്.**

മേൽപറഞ്ഞ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി അപേക്ഷകൾ (അനുബന്ധം ഡി) വ്യക്തമായി പൂരിപ്പിച്ച് മറ്റ് സർട്ടിഫിക്കറ്റുകൾ സഹിതം പ്രഥമധ്യാപകർ **15/10/2010 ന്** മുൻപായി **ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ** സമർപ്പിക്കേണ്ടതാണ്.

ജില്ല വിദ്യാഭ്യാസ ഓഫീസർമാർ പരീക്ഷാ ഇളവുകൾക്ക് അർഹരായ വിദ്യാർത്ഥികളുടെ ക്രോഡീകരിച്ച സ്റ്റേറ്റ്മെന്റ് ശുപാർശ ചെയ്യുന്ന ഇളവുകൾ സഹിതം രേഖാമൂലവും സി.ഡി.യിലും (എക്സൽ ഫോർമാറ്റിൽ) **01/11/2010**ന് മുൻപായി **വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ I E D - സെല്ലിൽ** സമർപ്പിക്കേണ്ടതാണ്.

**പരീക്ഷാ ഇളവുകൾ അനർഹരായവർ നേടിയെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം പരീക്ഷയുടെ ഏതുസമയവും നൽകിയ ആനുകൂല്യങ്ങൾ പിൻവലിക്കുന്നതിനുള്ള അധികാരം പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് ഉണ്ടായിരിക്കും.**

വൈകി ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

ഇന്റർപ്രട്ടർമാരായി നിയമിക്കപ്പെടുന്നവർക്ക് ഇൻവിജിലേറ്റർമാർക്ക് നൽകുന്ന അലവൻസ്/ വേതനം നൽകുന്നതാണ്.

സ്ക്രൈബായി നിയമിക്കപ്പെടുന്ന വ്യക്തിക്ക് പേപ്പറിന് 100/- രൂപ പ്രകാരം റെമ്യൂണറേഷൻ നൽകേണ്ടതാണ്. (G.O.(Ms) No.44/2010/G.Edn dated 25/3/2010) ഇതിനു വേണ്ടി വരുന്ന തുക പരീക്ഷാ ചെലവുകൾക്കായുള്ള ഹെഡിൽ നിന്നും ഉപയോഗിക്കേണ്ടതാണ്.

## XII. പരീക്ഷാർത്ഥിത്വം റദ്ദാക്കൽ

ഏതെങ്കിലും കുട്ടിയുടെ പരീക്ഷാർത്ഥിത്വം റദ്ദാക്കേണ്ട സാഹചര്യം ഉണ്ടാകുകയാണെങ്കിൽ ആയതിലേയ്ക്കായി നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷിക്കേണ്ടതാണ്. (ഫോറം അനുബന്ധം 'F' ആയി നൽകിയിരിക്കുന്നു). അപേക്ഷ 28.02.2011-ന് മുമ്പായി പരീക്ഷാസെക്രട്ടറിക്ക് ലഭിക്കേണ്ടതാണ്. ഐ.ടി പ്രാക്ടിക്കൽ പരീക്ഷയിൽ പങ്കെടുത്ത കുട്ടികളുടെ പരീക്ഷാർത്ഥിത്വം റദ്ദാക്കാൻ കഴിയുന്നതല്ല.

## XIII. അഡ്മിഷൻ ടിക്കറ്റ് വിതരണം

### (എ) റഗുലർ വിദ്യാർത്ഥികൾ -

റഗുലർ വിദ്യാർത്ഥികളുടെ ഫോട്ടോയോടു കൂടിയ അഡ്മിഷൻ ടിക്കറ്റുകൾ മുൻവർഷത്തെപ്പോലെ ഓൺലൈൻ വഴി ചീഫ് സൂപ്രണ്ടുമാർക്ക് ലഭിക്കുന്നതാണ്.

### (ബി) പ്രൈവറ്റ് പരീക്ഷാർത്ഥികൾ -

പ്രൈവറ്റ് പരീക്ഷാർത്ഥികളുടെ അഡ്മിഷൻ ടിക്കറ്റുകളും ഓൺലൈൻ വഴി ലഭിക്കുന്നതാണ്. എന്നാൽ ഫോട്ടോ ഉണ്ടായിരിക്കുന്നതല്ല. അതിനാൽ ലഭിക്കുന്നഅഡ്മിഷൻ ടിക്കറ്റിൽ പരീക്ഷാർത്ഥികളുടെ ഫോട്ടോ പതിച്ച് വേണം വിതരണം ചെയ്യേണ്ടത്. ഇതിനായി പരീക്ഷാർത്ഥി യുടെ തിരിച്ചറിയൽ സർട്ടിഫിക്കറ്റിൽ പതിച്ചിരിക്കുന്ന ഫോട്ടോയുടെ ഒരു കോപ്പികൂടി അപേക്ഷ യോടൊപ്പം വാങ്ങേണ്ടതാണ്. പരീക്ഷാർത്ഥികളെ ശരിയായി തിരിച്ചറിഞ്ഞ് പൂർണ്ണവിശ്വാസം വന്നതിനുശേഷം മാത്രമേ അഡ്മിഷൻ ടിക്കറ്റ് നൽകുവാൻ പാടുള്ളു. **യാതൊരു കാരണവശാലും അഡ്മിഷൻ ടിക്കറ്റുകൾ മാറികൊടുക്കുവാൻ ഇടയാകരുത്. അതുമൂലം പരീക്ഷാർത്ഥികൾക്ക് ഉണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും ചീഫ് സൂപ്രണ്ടു തന്നെയായിരിക്കും ഉത്തരവാദി.**

- പരീക്ഷാ ആരംഭിക്കുന്നതിന് മൂന്നു ദിവസം മുമ്പെങ്കിലും അഡ്മിഷൻ ടിക്കറ്റ് നൽകേണ്ടതാണ്.
- അഡ്മിഷൻ ടിക്കറ്റുകൾ ലഭിച്ചാൽ ഉടൻ തന്നെ പരീക്ഷാർത്ഥികൾ അവയിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ വിശദമായി പരിശോധിക്കുകയും അതിൽ ഏതെങ്കിലും തെറ്റുകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ ഉടൻ തന്നെ ബന്ധപ്പെട്ട ചീഫ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് തിരുത്തിവാങ്ങേണ്ടതുമാണ്. പരീക്ഷ തുടങ്ങിയതിനുശേഷമുള്ള പരാതികൾ സ്വീകരിക്കുന്നതല്ല. **ഇക്കാര്യം സ്കൂൾ നോട്ടീസ് ബോർഡിൽ പ്രത്യേകം പതിക്കേണ്ടതുമാണ്.**
- അഡ്മിഷൻ ടിക്കറ്റ് നൽകുന്നതു സംബന്ധിച്ച് ഒരു രജിസ്റ്റർ ചീഫ്സൂപ്രണ്ട് എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## XIV. പരീക്ഷാ ചെലവുകൾക്കുള്ള ഫണ്ടുകൾ അനുവദിക്കുന്നതിനുള്ള അധികാരം

എസ്.എസ്.എൽ.സി പരീക്ഷ സംബന്ധിച്ചുള്ള ചെലവുകൾ - ചീഫ് സൂപ്രണ്ടുമാർ സ്കൂൾ സ്പെഷ്യൽ ഫീ ഫണ്ടിൽ നിന്നും താല്ക്കാലികമായി പിൻവലിച്ചാണ് ചെലവുകൾ വഹിക്കേണ്ടത്. ചെലവായ തുകകളുടെ അഡ്മിസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകുവാനും റീക്യൂപ്പ് ചെയ്യുവാനുള്ള തുക അനുവദിക്കുവാനും വിദ്യാഭ്യാസ ഉപഡയറക്ടർമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതിനായി നിർദ്ദിഷ്ട ഫോറത്തിൽ ചീഫ് സൂപ്രണ്ടുമാർ തങ്ങളുടെ സ്റ്റേറ്റ്മെന്റോടുകൂടി എല്ലാവർഷവും ഏപ്രിൽ മാസാന്ത്യത്തിനു മുമ്പായി വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് അപേക്ഷ നൽകേണ്ടതാണ്. പരീക്ഷകളുടെ കണ്ടിജൻസി തുക അനുവദിക്കുന്നത് സംബന്ധിച്ച് കൃത്യമായ നിർദ്ദേശങ്ങൾ പരീക്ഷാ കമ്മീഷണറുടെ 11.08.2010 ലെ ജി2/49919/09/സി.ജി.ഇ സർക്കുലറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഉത്തരവുകൾ അനുബന്ധം $G_1$, $G_2$, $G_3$ ആയി ചേർത്തിട്ടുണ്ട്.

## XV. ക്രമക്കേടുകൾ

പരീക്ഷാവേളയിൽ ഏതെങ്കിലും പരീക്ഷാർത്ഥി ക്രമക്കേടുകൾ ചെയ്യുകയോ ചെയ്യാൻ ശ്രമിക്കുകയോ ചെയ്താൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻമാർ അതിൻമേൽ കൈകൊള്ളുന്ന തീരുമാനം അംഗീകരിച്ചുകൊള്ളാമെന്ന് വിദ്യാർത്ഥി എഴുതിക്കൊടുത്താൽ പ്രസ്തുത പരീക്ഷാർത്ഥിയെ ഉടനടി ഹാളിൽ നിന്നും പുറത്താക്കേണ്ടതില്ല. അയാളെ തുടർന്ന് പരീക്ഷ എഴുതുവാൻ അനുവദിക്കാവുന്നതാണ്. അടുത്തിരിക്കുന്ന വിദ്യാർത്ഥിയുടെ പരീക്ഷാപേപ്പർ നോക്കി എഴുതുക, മറ്റു കുട്ടികൾക്ക് കണ്ടെഴുതുവാൻ സൗകര്യം നൽകുക, അന്യോന്യം സംസാരിക്കുക, എഴുതിയതോ അച്ചടിച്ചതോ ആയ കടലാസുകളുമായി പരീക്ഷാഹാളിനകത്ത് പ്രവേശിക്കുക തുടങ്ങിയ പ്രവൃത്തികൾ ശിക്ഷാർഹമാകുന്നു. പരീക്ഷ നടന്നു കൊണ്ടിരിക്കുമ്പോൾ ഹാളിനകത്തോ, സ്കൂൾ പരിസരത്തോ ഏതെങ്കിലും വിദ്യാർത്ഥി പരീക്ഷാ നടത്തിപ്പിന് വിഘാതമായി പെരുമാറുകയോ അതിന് പ്രേരിപ്പിക്കുകയോ ചെയ്തതായി പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിന് ബോധ്യമായാൽ പ്രസ്തുത വിദ്യാർത്ഥിയെ പരീക്ഷ എഴുതുന്നതിൽ നിന്നും വിലക്കു കൽപ്പിക്കാവുന്നതാണ്. ചീഫ് സൂപ്രണ്ടിന്റെ റിപ്പോർട്ടിൻമേൽ പ്രസ്തുത പരീക്ഷാർത്ഥിയുടെ/പരീക്ഷാർത്ഥികളുടെ പേരിൽ കർശനമായ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണ്. **Cool -off time**-ൽ പരീക്ഷ എഴുതുക/പരീക്ഷാ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവരോട് അശ്ലീല ഭാഷ ഉപയോഗിക്കുക, മഷി കുടയുക, അപമര്യാദയായി പെരുമാറുക, മാർഗ്ഗ തടസ്സമുണ്ടാക്കുക, കയ്യേറ്റം ചെയ്യുകയോ/കയ്യേറ്റം ചെയ്യാൻ ശ്രമിക്കുകയോ, പ്രേരിപ്പിക്കുകയോ ചെയ്യുക, ഭീഷണിപ്പെടുത്തുക തുടങ്ങിയവ (സ്കൂളിനകത്തുവച്ചും സ്കൂളിനു പുറത്തു വച്ചും) ശിക്ഷാർഹമായ പ്രവൃത്തികളാണ്. ഇത്തരം സന്ദർഭങ്ങളിൽ ഇതിന് കാരണ ക്കാരായവരുടെ പരീക്ഷാഫലം തടഞ്ഞുവയ്ക്കാവുന്നതാണ്. കൂടാതെ കുറ്റത്തിന്റെ ഗൗരവ മനുസരിച്ച് ക്രിമിനൽ കേസുകൾ ചാർജ് ചെയ്യുന്നതുമായിരിക്കും. ഇതുമായി ബന്ധപ്പെട്ട് ജോയിന്റ് കമ്മീഷണർ എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും.

## XVI എസ്.എസ്.എൽ.സി.കാർഡുകളുടെ വിതരണം

(എ) **സ്കോർ രേഖപ്പെടുത്തിയ എസ്.എസ്.എൽ.സി കാർഡുകൾ വിതരണം ചെയ്യുന്നതിനായി ബന്ധപ്പെട്ട ഹെഡ്മാസ്റ്റർമാർക്ക് അയച്ചു കൊടുക്കുന്നതാണ്. വിദ്യാർത്ഥിയെ സംബന്ധിച്ച് തെറ്റായ വിവരം രേഖപ്പെടുത്തിയതോ, പരീക്ഷാ സെക്രട്ടറിയുടെ ഒപ്പും സീലും ഇല്ലാത്തതോ, പ്രിന്റ് തെളിയാത്തതോ ആയ എസ്.എസ്.എൽ.സി കാർഡുകൾ വിതരണം ചെയ്യാൻ പാടുള്ളതല്ല.** ഇക്കാര്യം പരീക്ഷാ സെക്രട്ടറിയെ സ്കൂൾ അധികൃതർ രേഖാമൂലം അറിയിക്കേണ്ടതും ശരിയായ സർട്ടിഫിക്കറ്റ് പരീക്ഷാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ബി) എസ്.എസ്.എൽ.സി കാർഡ് പരീക്ഷാർത്ഥികൾക്ക് നൽകുന്നതിനു മുൻപ് പ്രധാന അദ്ധ്യാപകൻ സർട്ടിഫിക്കറ്റിലെ വിവരങ്ങൾ ഡ്യൂപ്ലിക്കേറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റ്/കാർഡുകൾ വിതരണം ചെയ്യുന്നതിനു മുമ്പായി സർട്ടിഫിക്കറ്റ് കൈപ്പറ്റിയതായി പ്രത്യേക രജിസ്റ്ററിൽ കുട്ടിയുടെ കൈയൊപ്പ് വാങ്ങേണ്ട താണ്. കാർഡിന്റെ വിവരശേഖരണ ഭാഗത്ത് അടിയിലായി ഹെഡ്മാസ്റ്ററുടെ ഒപ്പ് **കറുത്ത മഷിയിൽ** പതിക്കേണ്ടതാണ്. പേരും ഔദ്യോഗിക മേൽവിലാസവും രേഖപ്പടുത്തി സ്ഥാപനത്തിന്റെ മുദ്ര കൂടി പതിച്ചുവേണം കാർഡുകൾ പരീക്ഷാർത്ഥികൾക്കു നൽകേണ്ടത്.

**(സി) സർട്ടിഫിക്കറ്റ് കാർഡിൽ ഒപ്പിടുന്നത് കറുത്ത മഷിയിലായിരിക്കണം. പച്ച മഷി ഉപയോഗിക്കുവാൻ പാടുള്ളതല്ല. അത്തരം സർട്ടിഫിക്കറ്റുകൾ ഉപയോഗശൂന്യമായി കണക്കാക്കുന്നതാണ്.**

## XVII. ഉത്തരക്കടലാസുകളുടെ പുന:പരിശോധനയും ഫോട്ടോകോപ്പിയും പുനർമൂല്യനിർണയവും

മൂല്യനിർണയം നടത്തിയ ഉത്തരക്കടലാസുകളുടെ സ്ക്രൂട്ടിനി, ഫോട്ടോകോപ്പി, പുനർമൂല്യനിർണയം എന്നിവയ്ക്കുള്ള അപേക്ഷ (അനുബന്ധം സി) പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി **അഞ്ചു ദിവസത്തിനകം പരീക്ഷ എഴുതിയ സെന്ററിലെ ഹെഡ്മാസ്റ്റർക്കു** നൽകേണ്ടതാണ്. നിശ്ചിത ഫീസ് പണമായി അപേക്ഷയോടൊപ്പം ഹെഡ്മാസ്റ്ററെ ഏൽപ്പിക്കേണ്ടതാണ്. **അപേക്ഷകളും ഫീസും പരീക്ഷാഭവനിൽ നേരിട്ട് സ്വീകരിക്കുന്നതല്ല.** ഓരോന്നിനുമുള്ള നിബന്ധനകൾ താഴെ കൊടുത്തിരിക്കുന്നു.

### (എ) പുന:പരിശോധന (Scrutiny)

(1) സ്ക്രൂട്ടിനിക്ക് നിശ്ചിത ഫോറത്തിൽ വിദ്യാർഥിക്ക് അപേക്ഷിക്കാവുന്നതാണ്.

(2) പേപ്പർ ഒന്നിന് 50 രൂപ ക്രമത്തിൽ ഫീസ് ഒടുക്കേണ്ടതാണ്.

(3) പുനർ മൂല്യനിർണ്ണയത്തിന് അപേക്ഷിക്കുന്ന പേപ്പറുകൾക്ക് സ്ക്രൂട്ടിനി ആവശ്യമില്ല.

(4) അടയ്ക്കുന്ന തുക മടക്കികൊടുക്കുകയോ മറ്റേതെങ്കിലും ആവശ്യത്തിന് മാറ്റി പരിഗണിക്കുകയോ ചെയ്യുന്നതല്ല.

### (ബി) ഫോട്ടോകോപ്പി

(1) ഫോട്ടോകോപ്പി ലഭിക്കുന്നതിന് ഫീസായി ഒരു പേപ്പറിനു 200 രൂപ വീതമായി (ഇരുന്നൂറു രൂപാ മാത്രം) നിശ്ചയിച്ചിരിക്കുന്നു.

(2) ഉത്തരക്കടലാസിൽ മാർക്കുകൾ കൂട്ടി എഴുതുമ്പോൾ എന്തെങ്കിലും വ്യത്യാസം സംഭവിച്ചിട്ടുണ്ടങ്കിൽ അത് പിന്നീട് തിരുത്തുവാനുള്ള ഉദ്ദേശത്തിലാണ് ഇത് നിലവിൽ വരുത്തിയിട്ടുള്ളത്.

(3) ഫോട്ടോകോപ്പി ലഭിച്ചതിനുശേഷം പുനർമൂല്യനിർണയത്തിന് നൽകുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

(4) അടയ്ക്കുന്ന തുക യാതൊരു കാരണവശാലും മറ്റേതെങ്കിലും ആവശ്യത്തിന് മാറ്റി പരിഗണിക്കുകയോ മടക്കി കൊടുക്കുകയോ ചെയ്യുന്നതല്ല.

**(സി) പുനർ മൂല്യനിർണയം**

(1) ഉത്തരക്കടലാസുകൾ രണ്ടാമതു മൂല്യനിർണയം നടത്തുന്നതിന് നിശ്ചിത ഫാറത്തിൽ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്. അതിലേക്കുള്ള ഫീസ് പേപ്പർ ഒന്നിന് 400 രൂപ ക്രമത്തിൽ നിശ്ചയിച്ചിരിക്കുന്നു.

(2) ഇപ്രകാരം അപേക്ഷകൾ നൽകുന്നവർ അതേ പേപ്പറിന് സ്ക്രൂട്ടിനിക്ക് വേണ്ടി പ്രത്യേകം അപേക്ഷിക്കേണ്ടതില്ല.

(3) സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 157/08/പൊ.വി.വ. തീയതി 08/09/2008 പ്രകാരം എസ്.എസ്.എൽ.സി പരീക്ഷയുടെ ഉത്തരക്കടലാസ് പുനർ മൂല്യനിർണയത്തിൽ ഉയർന്ന ഗ്രേഡ് ലഭിക്കുന്നവർക്ക് ഇതിനായി നൽകിയ ഫീസ് തിരികെ കൊടുക്കുന്നതാണ്.

(4) പുനർ മൂല്യനിർണയത്തിൽ ഉയർന്ന ഗ്രേഡ് നേടുന്നവർക്ക് പ്രസ്തുത റിസൾട്ടിന്റെ പകർപ്പും ലഭിച്ച എസ്.എസ്.എൽ.സി കാർഡും പരീക്ഷാഭവനിൽ സമർപ്പിച്ചാൽ പുതിയ ഗ്രേഡ് ചേർത്ത് സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്.

ഉത്തരക്കടലാസ്സുകളുടെ സ്ക്രൂട്ടണിനി, ഫോട്ടോകോപ്പി പുനർമൂല്യ നിർണ്ണയം എന്നിവയ്ക്കായി സ്കൂളിൽ ലഭിച്ച അപേക്ഷകളുടെ സംക്ഷിപ്ത വിവരം ഹെഡ്മാസ്റ്റർമാർ പരീക്ഷാഭവനിലേയ്ക്ക് upload ചെയ്യേണ്ടതാണ്. upload ചെയ്യുന്നതും ഫീസ് ഒടുക്കുന്നതുമായി ബന്ധപ്പെട്ട് കൂടുതൽ നിർദ്ദേശങ്ങൾ യഥാസമയം നൽകുന്നതാണ്.

**(ഡി) സ്കോർ വിവരം അറിയുന്നതിന്**

പരീക്ഷാർത്ഥികൾക്ക് യാതൊരു കാരണവശാലും ലഭിച്ച സ്കോർ വിവരം നൽകുന്നതല്ല. എന്നാൽ ഉപരിപഠനത്തിനു പോകുന്നവർക്ക് പ്രവേശനത്തിനായി എസ്.എസ്.എൽ.സി പരീക്ഷയിൽ ലഭിച്ച സ്കോർ ആവശ്യമുണ്ടെങ്കിൽ 100 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം അപേക്ഷിച്ചാൽ, പ്രസ്തുത സ്ഥാപന മേധാവിക്ക് രഹസ്യമായി സ്കോർ വിവരം അയച്ച് കൊടുക്കുന്നതാണ്.

പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് ഈ വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.

**എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്**

**പരീക്ഷാകമ്മീഷണർ**

## അനുബന്ധം - എ

## എസ്.എസ്.എൽ.സി പരീക്ഷാ പ്രവേശനത്തിനുള്ള അപേക്ഷ - മാർച്ച് 2011

(PCN/ ARC/ BT വിഭാഗങ്ങൾക്ക്)

1. പരീക്ഷാ കേന്ദ്രത്തിന്റെ പേരും സെന്റർ കോഡും :
2. പരീക്ഷാർത്ഥിയുടെ പേര് :
3. സ്ത്രീയോ / പുരുഷനോ :
4. മേൽവിലാസം :
   ഫോൺ നമ്പർ
5. മതവും ജാതിയും
6. ഫീസിളവിന് അർഹതയുണ്ടോ എങ്കിൽ ഏത് വിഭാഗം:
7. ജനനത്തീയതി :
8. രക്ഷകർത്താവിന്റെ പേര് :
9. പഠന മാധ്യമം :
10. പരീക്ഷ എത്രാമത്തെ തവണയാണ് എഴുതുന്നത് :
11. ഉപരിപഠനത്തിന് അർഹത ലഭിക്കാത്ത എത്ര പേപ്പറുകളുണ്ട് :
12. പരീക്ഷ എഴുതുന്ന പേപ്പറുകളുടെ വിവരം :

| ക്രമ നമ്പർ | പേപ്പറിന്റെ പേര് | ലഭിച്ച സ്കോർ/ഗ്രേഡ് (PCN and BT) |
|---|---|---|
| 1. | | |
| 2. | | |
| 3. | | |
| 4. | | |
| 5. | | |
| 6. | | |
| 7. | | |
| 8. | | |
| 9. | | |
| 10. | | |

| മുൻപ് പരീക്ഷ എഴുതിയ മുഴുവൻ അവസരങ്ങളുടെയും വിവരങ്ങൾ (PCN and BT) | | |
|---|---|---|
| ക്രമ നമ്പർ | വർഷം | രജിസ്റ്റർ നമ്പർ |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

13. പരീക്ഷാഫലം മെച്ചപ്പെടുത്തുന്നതിനാണോ : അതെ/ അല്ല
    ഏങ്കിൽ ആദ്യ തവണ പരീക്ഷ എഴുതിയ സ്കൂളിന്റെ പേര് :
14. ഏ.ആർ.സി ആണോ : അതെ/ അല്ല
    ഏങ്കിൽ ആവശ്യമായ ഹാജർ നേടിയിട്ടുണ്ടോ? :
15. ഫീസ് ഒടുക്കിയതിന്റെ വിവരം :

| ഫീസ് | പിഴ | എസ്.എസ്.എൽ.സി കാർഡിന്റെ വില | ആകെ | തുക ഒടുക്കിയ തീയതി |
|---|---|---|---|---|
| | | | | |

16. മറ്റു വിവരങ്ങൾ (ഉണ്ടെങ്കിൽ) :

മേൽപ്പറഞ്ഞിട്ടുള്ള വസ്തുതകൾ സത്യമാണ്. മുൻപ് പരീക്ഷ എഴുതിയ എല്ലാ അവസരങ്ങളുടെയും വിവരം അപേക്ഷയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

സ്ഥലം :

തീയതി :

**പരീക്ഷാർത്ഥിയുടെ ഒപ്പ്**

## അനുബന്ധം - എ1

## എസ്. എസ്. എൽ. സി പരീക്ഷ മാർച്ച് 2011

### പരീക്ഷാർത്ഥിയെ തിരിച്ചറിയുന്നതിനുള്ള സർട്ടിഫിക്കറ്റ്

(ഗസറ്റഡ് ഉദ്യോഗസ്ഥൻമാർ/ഹൈസ്കൂളിലേയും ട്രെയിനിംഗ് സ്കൂളിലേയും ഹെഡ്മാസ്റ്റർമാർ/ എം.പിമാർ/ എം.എൽ.എ മാർ/ തുടങ്ങിയവർക്ക് ഈ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്താവുന്നതാണ്)

ഫോട്ടോ
പതിക്കുക

തിരിച്ചറിയൽ സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ ഫോട്ടോയുടെ പുറത്ത് ഒപ്പിടേതാണ്. ഫോട്ടോയിൽ റബ്ബർ സ്റ്റാമ്പ് പതിക്കുവാൻ പാടില്ല

1. പരീക്ഷാർത്ഥിയുടെ പേര് :

2. ജനനതീയതി :

3. പൂർണ്ണമായ മേൽവിലാസം :

4. സാക്ഷ്യപ്പെടുത്തുന്ന ആഫീസറുടെ പേരും ഉദ്യോഗപ്പേരും വിലാസവും :

5. പരീക്ഷാർത്ഥിയുടെ ഒപ്പ്
(തിരിച്ചറിയൽ സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥന്റെ മുമ്പിൽ വച്ച് ഒപ്പ് ഇടേണ്ടതാകുന്നു.)

2011 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷാർത്ഥിയായ ശ്രീ./ശ്രീമതി ..................................................................... ........................................................................................................................................... ന്റെ/യുടെ ഒപ്പും ഫോട്ടോയും ഞാൻ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.

ഓഫീസ് മുദ്ര

**തിരിച്ചറിയൽ സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥന്റെ ഒപ്പ്**

സ്ഥലം :
തീയതി :

## അനുബന്ധം – ബി

## എസ്.എസ്.എൽ.സി പരീക്ഷാ പ്രവേശനത്തിനുള്ള അപേക്ഷ – മാർച്ച് 2011

(പ്രഥമ ഭാഷ/ഹിന്ദി മാത്രമായി പരീക്ഷ എഴുതുന്നവർക്ക് ഉപയോഗിക്കാനുള്ളത്.)

1. പരീക്ഷാ കേന്ദ്രത്തിന്റെ പേരും സെന്റർ കോഡും: :

2. പരീക്ഷാർത്ഥിയുടെ പേര് :

3. സ്ത്രീയോ / പുരുഷനോ :
4. മേൽവിലാസം
   ഫോൺ നമ്പർ :

5. മതവും ജാതിയും :

6. ജനനത്തീയതി :

7. ഫീസ് ഒടുക്കിയിട്ടുള്ളതിന്റെ വിവരം (ഫീസ് സംസ്ഥാനത്തിന് പുറത്ത് ഒടുക്കിയിട്ടുള്ളവരെ സംബന്ധിച്ച്)
   (എ) ഫീസിന്റെ തുക :
   (ബി) ചെലാൻ നമ്പർ, തീയതി :
   (സി) ഖജനാവിന്റെ പേര് :
8. ആർമിയിൽ നിന്നും ഒന്നാം ക്ലാസ് സർട്ടിഫിക്കറ്റ് നേടിയിട്ടുള്ളവർ ഒന്നാം ഭാഷ മാത്രമേ എഴുതുവാൻ പാടുള്ളൂ.

   (എ) ഒന്നാം ഭാഷയുടെ പേര് പേപ്പർ 1 :
   (ബി) പേപ്പർ 2 :
   (സി) ഇന്ത്യൻ ആർമി സർട്ടിഫിക്കറ്റിന്റെ (ഫസ്റ്റ് ക്ലാസ്) നമ്പരും തീയതിയും (അസ്സൽ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.)
   (ഡി) നേരത്തെ എസ്.എസ്.എൽ.സി പരീക്ഷ എഴുതിയ വർഷം. മാസം, രജി.നമ്പർ

9. എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് ഹിന്ദി ഒരു വിഷയമല്ലാതിരുന്നവർക്ക് ഹിന്ദി മാത്രമായിഎഴുതാവുന്നതാണ്.
   (എ) പരീക്ഷാർത്ഥിയെ ആദ്യമായി പരീക്ഷയ്ക്കയച്ച സ്കൂളിന്റെ പേര്
   (ബി) ഇതിന് മുമ്പ് പരീക്ഷ എഴുതിയിട്ടുണ്ടെങ്കിൽ രജിസ്റ്റർ നമ്പർ, വർഷം, മാസം (സർട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ അതു കൂടിഅപേക്ഷയോടൊപ്പം അയയ്ക്കണം)
10. മറ്റു വിവരങ്ങൾ

മേൽ പ്രസ്താവിച്ച കാര്യങ്ങൾ സത്യമാകുന്നു

സ്ഥലം :
തീയതി :

**പരീക്ഷാർത്ഥിയുടെ ഒപ്പ്**

## അനുബന്ധം- സി

## 2011 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ സ്ക്രൂട്ടിണി/ ഫോട്ടോകോപ്പി/ പുനർ മൂല്യനിർണയത്തിനുള്ള അപേക്ഷ

1. പരീക്ഷാർത്ഥിയുടെ രജിസ്റ്റർ നമ്പർ :

2. പരീക്ഷാർത്ഥിയുടെ പേര് :

3. പൂർണ്ണ മേൽവിലാസവും, ഫോൺ നമ്പറും :

4. പരീക്ഷാ കേന്ദ്രത്തിന്റെ പേരും സെന്റർ നമ്പരും :

5. പഠന മാധ്യമം :

6. പേപ്പറുകളുടെ വിവരങ്ങൾ:

| ക്രമ നമ്പർ | വിഷയത്തിന്റെ പേര് | ലഭിച്ച ഗ്രേഡ് | അപേക്ഷിക്കുന്ന ഇനങ്ങൾ (ബന്ധപ്പെട്ട കോളത്തിൽ ∶ മാർക്ക് ചെയ്യുക) | | | ഒടുക്കിയ തുക |
|---|---|---|---|---|---|---|
| | | | സ്ക്രൂട്ടിണി ₹50 | ഫോട്ടോകോപ്പി ₹200 | പുനർ മൂല്യനിർണയം ₹400 | |
| 1. | | | | | | |
| 2. | | | | | | |
| 3. | | | | | | |
| 4. | | | | | | |
| 5. | | | | | | |
| 6. | | | | | | |
| 7. | | | | | | |
| 8. | | | | | | |
| 9. | | | | | | |
| 10. | | | | | | |
| | ആകെ തുക | | | | | |

7. പരീക്ഷാ സെന്ററിൽ ഒടുക്കിയ തുകയുടെ വിവരം

| രസീത് നമ്പർ | തീയതി | തുക | | | |
|---|---|---|---|---|---|
| | | സ്ക്രൂട്ടിണി | ഫോട്ടോകോപ്പി | പുനർമൂല്യനിർണ്ണയം | ആകെ |
| | | | | | |

സ്ഥലം :

തീയതി: പരീക്ഷാർത്ഥിയുടെ ഒപ്പ്

കുറിപ്പ്: ഫീസ് പണമായി അപേക്ഷയോടൊപ്പം പരീക്ഷ എഴുതിയ സെന്ററിലെ ഹെഡ്മാസ്റ്ററിന് സമർപ്പിക്കേണ്ടതാണ്.

## അനുബന്ധം - ഡി
## എസ്.എസ്.എൽ.സി പരീക്ഷ മാർച്ച് 2011 -
## സവിശേഷ സഹായം ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് ആനുകൂല്യത്തിനുള്ള അപേക്ഷ

1. പരീക്ഷാ കേന്ദ്രത്തിന്റെ പേരും സെന്റർ കോഡും :
2. വിദ്യാഭ്യാസ ജില്ല :
3. വിദ്യാർത്ഥിയുടെ പേര് :
4. അഡ്മിഷൻ നമ്പർ :
5. രക്ഷകർത്താവിന്റെ പേര് :
6. വിദ്യാർത്ഥിയുടെ ജനനതീയതി :
7. വിദ്യാർത്ഥിയുടെ മേൽവിലാസവും :
   ഫോൺ നമ്പറും

8. ശാരീരിക വൈകല്യത്തിന്റെ സ്വഭാവം :
   (വൈകല്യത്തെക്കുറിച്ചുള്ള പൊതുവിശദീകരണം രേഖപ്പെടുത്തുക)
9. വൈകല്യം എത്ര ശതമാനം / IQ :

10 അപേക്ഷിക്കുന്ന ആനുകൂല്യങ്ങൾ :

(i)അധിക സമയം ആവശ്യമാണോ? :

(ii) കണക്ക് വിഷയം ഒഴിവാക്കേണ്ടതുണ്ടോ? :

(iii) ഉണ്ടെങ്കിൽ പകരമായി തിരഞ്ഞെടുക്കുന്ന വിഷയം : ..................................................

(iv) ഭാഷാ വിഷയം ഒഴിവാക്കേണ്ടതുണ്ടോ :

(v) ഉണ്ടെങ്കിൽ ഏതൊക്കെ : ഒന്നാം ഭാഷ ..........................................................................

: രണ്ടാം ഭാഷ..........................................................................

: മൂന്നാം ഭാഷ..........................................................................

(vi) പകരമായി തിരഞ്ഞെടുത്ത വിഷയങ്ങൾ

: ഒന്നാം ഭാഷ 1. ......................................................., 2. .......................................................................

രണ്ടാം ഭാഷ ..........................................................................................................................

മൂന്നാം ഭാഷ ..........................................................................................................................

(vii) ഗ്രേസ് മാർക്ക് ആവശ്യമുണ്ടോ? :

(കേൾവിക്കുറവുള്ള കുട്ടികൾ/ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ മാത്രം)

(viii) എഴുതാൻ സഹായിയുടെ ആവശ്യമുണ്ടോ? :

(ix) ഗ്രാഫ്, ഡ്രോയിംഗ്, ഡയഗ്രംസ്, ജോമെട്രിക്കൽ ഫിഗേഴ്സ്

എന്നിവയിൽ നിന്ന് ഒഴിവാക്കേണ്ടതുണ്ടോ? :

(x) വ്യാഖ്യാതാവിന്റെ സേവനം ആവശ്യമുണ്ടോ? :

(xi) വിഖ്യാതാവ് കണക്ക് വിഷയത്തിന് മാത്രമാണോ? :

(നോട്ട്: സ്ക്രൈബ്, ഇന്റർപ്രെട്ടർ - ഇതിൽ ഏതെങ്കിലും ഒരാളുടെ സേവനം മാത്രമേ ലഭിക്കുകയുള്ളൂ)

11. വൈകല്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് നൽകിയ മെഡിക്കൽ ബോർഡിലെ സൂപ്രണ്ടിന്റെ പേരും ഔദ്യോഗിക മേൽവിലാസവും :

12. ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി സമർപ്പിച്ച പ്രത്യേക സർട്ടിഫിക്കറ്റ് നൽകിയ ഡോക്ടറുടെ പേരും ഔദ്യോഗിക മേൽവിലാസവും. :

## സത്യപ്രസ്താവന

മേൽ പറഞ്ഞ വസ്തുതകൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്നും മാർച്ച് 2011ലെ എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്നതിന് മേൽ ആനുകൂല്യങ്ങൾ ആവശ്യമാണെന്നും ബോധിപ്പിച്ചു കൊള്ളുന്നു.

വിദ്യാർത്ഥിയുടെ ഒപ്പ്

രക്ഷകർത്താവിന്റെ ഒപ്പ്

## പ്രധാനാധ്യാപകന്റെ ശുപാർശ

ഈ സ്കൂളിലെ 10-ാം ക്ലാസ് വിദ്യാർത്ഥിയായ ................................................................................................ സവിശേഷ സഹായം ആവശ്യമുള്ള കുട്ടിയാണെന്നും അപേക്ഷയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ശരിയാണെന്നും ബോദ്ധ്യമുള്ളതതിനാൽ അനുവാദത്തിനായി ശുപാർശ ചെയ്യുന്നു.

ഹെഡ്മാസ്റ്ററുടെ ഒപ്പ്

## ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ശുപാർശ

വിശദമായ അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ മേൽനടപടിക്കായി ശുപാർശ ചെയ്യുന്നു/ചെയ്യുന്നില്ല.

ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഒപ്പ്

അനുബന്ധം – ഇ

# SSLC EXAMINATION MARCH 2011

## CERTIFICATE TO CWSN FOR EXAMINATION CONCESSION ISSUED BY THE HEAD OF SCHOOL

Signature of the Candidate :......................................................

I here by certify that Master/Kumari ..................................................................................

is a student of Std. X of ..........................................................................................................

........................................................................School, whose signature is given above.

He/ She is having ......................% I.Q. and disability in ......................................................

(category of disability) as per the certificate issued by Medical Board/Physician in Psychiatry from a Governement Hospital.

The following examination concessions are recommended for the candidate :

1.

2.

3.

4.

5.

Place : Signature
Date : Name & Designation of the Head of institution
Office Seal

Place : Countersigned
Date : Office Seal District Educational Officer

# അനുബന്ധം – എഫ്
## എസ്.എസ്. എൽ. സി. പരീക്ഷ മാർച്ച് 2011
## പരീക്ഷാർത്ഥിത്വം റദ്ദാക്കാനുള്ള അപേക്ഷ
## (Application for Cancellation of Candidature)

1. സെന്റർ നമ്പർ [ ]    2. വിദ്യാഭ്യാസ ജില്ല [ ]

3. പരീക്ഷാർത്ഥിയുടെ പേര് :

4. പരീക്ഷാർത്ഥിയുടെ രജിസ്റ്റർ നമ്പർ :

5. സ്കൂളിന്റെ പേര് :

6. പരീക്ഷാർത്ഥിത്വം റദ്ദാക്കാനുള്ള കാരണം :

7. കാരണം തെളിയിക്കുന്നതിന് സമർപ്പിക്കുന്ന രേഖകൾ :

8. പരീക്ഷാർത്ഥിയെ റോളിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടോ?

9. ഉണ്ടെങ്കിൽ നീക്കം ചെയ്ത തീയതിയും കാരണവും :

10. പരീക്ഷാർത്ഥി IT പ്രാക്ടിക്കൽ പരീക്ഷയിൽ പങ്കെടുത്തിട്ടുണ്ടോ?

11. മറ്റെന്തെങ്കിലും വിവരങ്ങൾ

12. രക്ഷാകർത്താവിന്റെ ഒപ്പ് :

മുകളിൽ പ്രസ്താവിച്ച കാര്യങ്ങൾ സത്യമാണ്. ആയതിനാൽ പരീക്ഷാർത്ഥിത്വം റദ്ദാക്കണമെന്ന് അപേക്ഷിക്കുന്നു.

സ്ഥലം
തീയതി    സ്കൂൾ സീൽ    **ഹെഡ്മാസ്റ്ററുടെ ഒപ്പ്**

(അപേക്ഷ 28.02.2011ന് മുൻപായി പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറിക്ക് ലഭിക്കേണ്ടതാണ്.)

# Appendix G1

No. Gl.(1)24003/2004/CGE

Office of the Commissioner for
Government Examinations,
Pareeksha Bhavan, Poojappura,
Thiruvananthapuram – 12
Dated : 16.03.2006

## CIRCULAR

**Sub :- General Education – SSLC and other Public Examination – Enhancement of Supervision allowances, stationery and contingent charges – sanctioned - orders issued.**

**Ref : - G.O.(MS) 85/2005/G.Edn. Dtd. 15.03.2005.**

Referring to the above the following are the details of enhanced rate of supervision allowance and other contingent charges.

| Item Category | Existing Rate | 20% increased rate |
|---|---|---|
| Chief Superintendent | Rs. 40/- per day | Rs. 48/- per day |
| Dy. Chief Superintendent | Rs. 34/- per day | Rs. 41/- per day |
| Asst. Superintendent | Rs. 28/- per day | Rs. 34/- per day |
| Clerk | Rs. 24/- per day | Rs. 29/- per day |
| Peon | Rs. 16/- per day | Rs. 19/- per day |
| Clerical allowance for preparation of candidate list | Rs. 0.50 | Rs. 0.60 per candidate subject to a minimum of Rs. 48/- per centre |
| Contingencies | Rs. 32/- | Rs. 38/- for the first 50 candidates and Rs.16/- per additional 50 candidates |
| Transportation charges for furniture from other schools | Rs. 2/- | Rs. 2.40/- per K.M (to and fro) |
| Transportation of answer paper packets | Rs. 0.70/- | Rs. 0.85/- per k.m. per bundle |
| Stationary articles | Rs. 1.40/- | Rs.168/- for the first 150 candidates and Rs. 36/- for every additional 50 candidates |
| Stitching charges | For the first 22 bags no stitching charges. For every additional | For the first 22 bags no stitching charges. For every additional bag Rs. 1.20 per bag |
| Night watcher | | Rs. 16/- per day from the date of receipt of question paper for 2 persons |

The revised rates will be applicable for the SSLC Exam March 2005 onwards. The expenditure will be met from the Special Fee Fund and regularised as usual.

**Sd/-**
**SECRETARY TO THE COMMISSIONER**

# Appendix G-2

No. GGl.(1)32771/08/CGE

Office of the Commissioner for
Government Examinations,
Pareeksha Bhavan, Poojappura,
Thiruvananthapuram – 12

## CIRCULAR

**Sub :- General Education – SSLC and other Public Examination – Issue of Admissibility Certificate and allotment of funds – Powers delegated to Deputy Directors (Education) - orders issued.**

**Ref : - No. CGl(1)/24003/04/ Dtd. 16.03.2005.**

As there is inordinate delay in issuing admissibility certificate and allotment of funds relating to the expenses towards the conduct of SSLC and other Public Examination in the Office of the commissioner for Government Examinations, it has been decided to delegate the power to the Deputy Directors of Education for issuing admissibility certificate and allotment of funds to the Chief Superintendent. Hence with effect from March 2008 the Chief Superintendents are directed to submit the statements to the Deputy Directors of Education concerned to obtain the admissibility certificate and allotment of funds for the conduct of Public Examination as shown below.

| | | |
|---|---|---|
| 1. | Name of Centre and No. | : |
| 2. | Year of Examination | : |
| 3. | Number of Candidates appeared | : |
| 4. | Unit cost of expenditure per candidate admissible | : Rs. 30/- (Thirty Only) |
| 5. | Total amount admissible (3 x 4) | : |
| 6. | Total expenditure incurred | : |
| 7. | Excess amount if any | : |
| 8. | Reasons for the excess amount incurred | : |

The Chief Superintendents have to keep the vouchers and accounts in the school itself for further verification by the Deputy Directors of Education if required. The said statement have to be submitted to the Deputy Director of Education before the end of April every year.

On receipt of the statements from the Chief Superintendent the Dy. Directors of Education shall verify the statements and if it is found in order shall issue the admissibility certificate before the end of May ever year. If the amount exceeds the admissible amount to a large extent, the Deputy Directors of Education shall conduct spot verification wherever necessary. The unit cost mentioned above ie, 30/- per candidate does not include, the expenditure towards postage stamps.

The Chief Superintendent should not exceed the item wise expenditure as per the office circular dated 16/03/2005.

**Sd/-**
**COMMISSIONER FOR GOVERNMENT EXAMINATIONS**

അനുബന്ധം G 3

നം ജി 2/49919/09/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം -12
തീയതി : 11.08.2010

## സർക്കുലർ

**വിഷയം - പൊതു വിദ്യാഭ്യാസം -എസ്.എസ്.എൽ.സി ടി.എച്ച്.എസ്.എൽ.സി ടി.ടി.സി തുടങ്ങിയ പരീക്ഷകളുടെ കണ്ടിജൻസി തുക പാസാക്കുന്നത് സംബന്ധിച്ച്.**

**സൂചന:**
**1. ജി.ഒ (എം.എസ്) 85/2005/ജി വിദ്യാഭ്യാസം തീയതി 15.03.2005**
**0. സർക്കുലർ നം. സി.ജി.എൽ (1) 24003/2004/സി.ജി.ഇ തീയതി 16.03.2005**
**3. സർക്കുലർ നം. സി.ജി.എൽ (1) 32771/2007/സി.ജി.ഇ തീയതി 16.10.2007**
**4. ജി.ഒ. (ആർ.ടി.) നം 220/08 ജി. വിദ്യാഭ്യാസം തീയതി 09.01.2008**
**5. സർക്കുലർ നം. ജി2/49919/09/സി.ജി.ഇ തീയതി 23.02.2010.**

മേൽ സൂചനകൾ പ്രകാരം എസ്.എസ്.എൽ.സി., ടി.എച്ച്.എസ്.എൽ.സി, ടി.ടി.സി തുടങ്ങി പരീക്ഷാഭവൻ നടത്തുന്ന പരീക്ഷകളുടെ കണ്ടിജൻസി തുക സ്കൂളുകൾക്ക് പാസാക്കി നൽകുന്നതിനെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ ടി നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാതെയാണ് പല വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരും തുക പാസാക്കി നൽകുന്നതെന്ന് ആക്ഷേപം വ്യാപകമായി ഉയർന്നു വന്നിട്ടുണ്ട്. കൂടാതെ ഇതു സംബന്ധിച്ച് കേസുകൾ കോടതിയിലും എത്തിയിരിക്കുന്നു. വ്യക്തമായ നിർദ്ദേശങ്ങൾ നിലനിൽക്കവെ അവ പാലിക്കാതെ അർഹതപ്പെട്ട തുക പാസ്സാക്കി നൽകാതിരിക്കുന്നത് കൃത്യവിലോപമായി കണക്കാക്കാവുന്നതാണ്.

ആകയാൽ ഇക്കാര്യത്തിൽ താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

1. പരീക്ഷാർത്ഥികളുടെ എണ്ണം കുറവായതു കൊണ്ട് 30/- രൂപ ക്രമത്തിൽ നൽകുന്നത് ചെലവിന് മതിയാവാതെ വരുന്ന സ്കൂളുകൾക്ക് (225 പരീക്ഷാർത്ഥികളിൽ താഴെ വരുന്ന സെന്ററുകൾ) പരീക്ഷാനടത്തിപ്പിന് ചെലവായ തുക സൂചന 1 പ്രകാരം അനുവദിച്ച് നൽകേണ്ടതാണ്.

2. 2007,2008,2009,2010 വർഷങ്ങളിൽ എസ്.എസ്.എൽ.സിയും മറ്റു പരീക്ഷകളും നടത്തിയതിന്റെ ചെലവും ഈ രീതിയിൽ കണക്കാക്കി കുടിശിക ഉൾപ്പെടെ ബന്ധപ്പെട്ട സ്കൂളുകൾക്ക് നൽകേണ്ടതാണ്

ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാർ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കണമെന്നും പരാതിക്കിട നൽകാതെ തുക നൽകണമെന്നും പ്രത്യേകം നിർദ്ദേശിക്കുന്നു.

ഒപ്പ്
**പരീക്ഷാ കമ്മീഷണർ**

എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും

**APPENDIX H**

# APPLICATION FOR CHANGE OF LANGUAGE

| | | |
|---|---|---|
| 1. | Name of Pupil | : |
| 2. | Sex : | : Male / Female |
| 3. | Standard in which he/she is studying at the time of application and date of admission to that standard. | : |
| 4. | Date of admission in the school and standard to which he/she is admitted | : |
| 5. | Name and Centre of the school with complete postal address in which the pupils studying now | : |
| 6. | Name of school with complete postal address in | : |
| (a) | which the pupil was studying just previously before admission to the school mentioned in column – 5. | : |
| (b) | Name of School/Schools where the pupil studied in Std. V to VII. | : |
| (c) | Name of School/Schools where the pupil studied in Std. VIII, IX and X. | : |
| 7. | Languages studied by the pupil in previous schools | : |
| | I to IV | : |
| | V to VII | : |
| | VIII & IX | : |
| 8. | Mother tongue of the pupil | : |
| 9. | Whether the pupil has studied any of the regional language of this state during the previous studies | : : |
| 10. | The language from which exemption is sought for | : |
| 11. | Reason for such request | : |
| 12. | The language taught under 1st language Paper I & II in the present School. | : |
| 13. | Language proposed to be under Paper I & Paper II of first language | : : |
| 14. | Specific recommendation of the HM | : |

## DECLARATION

I do hereby declare that the pupil is migrating from other state/country/system of education. the school mentioned in Column 6(a) is following a different system of education other than one prescribed in KE & AR that the school is affiliated to the .............................................

Place :

Date : **Signature with Name of the Head of Institution**

## അനുബന്ധം –ഐ

നം. വൈ.1/10800/10/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 16.02.2010

# സർക്കുലർ

വിഷയം: 2010 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് ഗ്രേസ് മാർക്ക് നൽകുന്നത് – സംബന്ധിച്ച്

സൂചന: 1. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 32/08/പൊ.വി. തീയതി. 01.01.2008

2. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2146/08/പൊ.വി. തീയതി. 09.05.2008.

3. സർക്കാർ ഉത്തരവ് (കൈ)നം.216/09/പൊ.വി. തീയതി. 06.01.2009

എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് ഗ്രേസ് മാർക്കിനർഹതയുള്ള വിദ്യാർത്ഥികളുടെ ലിസ്റ്റ് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അയയ്ക്കുമ്പോൾ താഴെ സൂചിപ്പിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

കഴിഞ്ഞ വർഷം താഴെ സൂചിപ്പിച്ചിരിക്കുന്ന ഇനങ്ങളിൽ ഗ്രേസ് മാർക്ക് അനുവദിച്ചിരുന്നത് ജില്ലാ വിദ്യാഭ്യാസ ആഫീസിൽ നിന്നാണ്. സൂചന 2,3 പ്രകാരം മേളകളുടെ മാനുവൽ പരിഷ്കരിച്ച സാഹചര്യത്തിൽ ഈ വർഷം മുതൽ വിദ്യാഭ്യാസ ഉപഡയറക്ടർമാരാണ് ഗ്രേസ് മാർക്ക് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പരീക്ഷാ സെക്രട്ടറിക്ക് നൽകേണ്ടത്. ആയത് സംബന്ധിച്ചുള്ള നിബന്ധനകൾ ചുവടെ ചേർക്കുന്നു.

(1) സംസ്ഥാന സ്കൂൾ കലോൽസവം, അറബിക് സംസ്കൃതോത്സവം, സ്പെഷ്യൽ സ്കൂൾ കലോൽത്സവം, ശാസ്ത്രമേള, ഗണിത ശാസ്ത്രമേള, സാമൂഹ്യ ശാസ്ത്രമേള, പ്രവൃത്തി പരിചയമേള, ഐ.ടി മേള, രാഷ്ട്രപതി .സ്ക്കൗട്ട്സ് & ഗൈഡ്, രാജ്യപുരസ്ക്കാർ, എൻ.സി.സി, ജൂനിയർ റെഡ്ക്രോസ്, ദേശീയ ബാലശാസ്ത്ര കോൺഗ്രസ്സ് എന്നിവയിൽ എസ്.എസ്.എൽ.സി പരീക്ഷയിൽ ഗ്രേസ് മാർക്കിനർഹതയുള്ള വിദ്യാർത്ഥികളുടെ ലിസ്റ്റ് നിർദ്ദിഷ്ട ഫോറത്തിൽ ആവശ്യമായ സർട്ടിഫിക്കറ്റ് സഹിതം **(സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഗസറ്റഡ് ആഫീസർ അറ്റസ്റ്റ് ചെയ്തിരിക്കണം),** അവർ പഠിക്കുന്ന സ്കൂളിലെ ഹെഡ്മാസ്റ്ററുടെ മേലൊപ്പോടുകൂടി അതാത് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അയയ്ക്കേണ്ടതാണ്. ഈ അപേക്ഷകളോടൊപ്പം സമർപ്പിക്കേണ്ട ഫാറത്തിലെ 2 മുതൽ 9 വരെയുള്ള കോളങ്ങളിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തിയശേഷം മാത്രമേ അതാത് സ്കൂളിലെ പ്രധാന അദ്ധ്യാപകൻ അപേക്ഷകൾ അതാത് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അയയ്ക്കുവാൻ പാടുള്ളു.

(2) സംസ്ഥാന തലത്തിലും അതിന് മുകളിലുമുള്ള മൽസരങ്ങളിൽ പങ്കെടുത്ത് വിജയിച്ച് ആദ്യത്തെ 3 ഗ്രേഡ് (എ,ബി,സി) കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് മാത്രമേ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് ഗ്രേസ് മാർക്കിന് അർഹത ഉണ്ടായിരിക്കുകയുള്ളു. ഒരു

വിദ്യാർത്ഥിക്ക് ഒരിനത്തിൽ മാത്രമേ ഗ്രേസ് മാർക്കിന് അർഹതയുള്ളൂ. പരീക്ഷയ്ക്ക് ആദ്യത്തെ രണ്ട് (2) അവസരങ്ങളിൽ മാത്രമേ ഗ്രേസ് മാർക്കിന് അർഹതയുള്ളൂ.

എസ്.എസ്.എൽ.സി പരീക്ഷയിൽ എഴുത്തു പരീക്ഷയുടെ സ്കോർ അടിസ്ഥാനത്തിലാണ് ഗ്രേസ് മാർക്ക് അനുവദിക്കുന്നത്. അഗ്രിഗേറ്റ് പരമാവധി **'എ+'** കിട്ടുന്നതിന് എത്ര മാർക്ക് വേണമോ അതു മാത്രമേ ഗ്രേസ് മാർക്കായി അനുവദിക്കുകയുള്ളൂ. ഒരു വിദ്യാർത്ഥിക്ക് ഒന്നിലധികം ഇനങ്ങളിൽ പങ്കെടുത്ത് ഗ്രേഡ് ലഭിച്ചിട്ടുണ്ടെങ്കിൽ അതിൽ ഏറ്റവും കൂടുതൽ ഗ്രേസ് മാർക്കിനർഹതയുള്ള സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പാണ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടത്. വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ ഉത്തരവില്ലാതെയുള്ള ഒരു അപേക്ഷയും ഗ്രേസ് മാർക്കിനായി പരിഗണിക്കുന്നതല്ല. വിദ്യാഭ്യാസ ഉപഡയറക്ടർമാർ അതാത് റവന്യൂ ജില്ലയിലെ സ്കൂളുകളിൽ നിന്നുള്ള അപേക്ഷകൾ വാങ്ങി അർഹതയുള്ളത് മാത്രം പരിശോധിച്ച് നടപടി ഉത്തരവാക്കി (ലിസ്റ്റ് സഹിതം) ഒരുമിച്ച് തിരുവനന്തപുരം പരീക്ഷ സെക്രട്ടറിക്ക് അയയ്ക്കേണ്ടതാണ്.

(3) 8,9 ക്ലാസ്സുകളിൽ പഠിക്കുമ്പോൾ സംസ്ഥാനതല സ്കൂൾ കലോത്സവത്തിലോ, ശാസ്ത്ര, ഗണിത ശാസ്ത്ര, സാമൂഹ്യ ശാസ്ത്ര, പ്രവൃത്തി പരിചയ മേളയിലോ പങ്കെടുത്ത് ലഭിക്കുന്ന ഉയർന്ന ഗ്രേഡ്, ഗ്രേസ് മാർക്കിനു പരിഗണിക്കണമെങ്കിൽ 10-ാം ക്ലാസ്സിൽ പഠിക്കുമ്പോൾ സംസ്ഥാനതല മൽസരത്തിൽ പങ്കെടുത്തിരിക്കണം എന്നില്ല. പകരം റവന്യൂ ജില്ലാതല മൽസരത്തിൽ അതേ ഇനത്തിൽ പങ്കെടുത്ത് എ ഗ്രേഡ് ലഭിച്ചാൽ മതിയാകുന്നതാണ്.

(4) കലോൽസവത്തിലും, ശാസ്ത്ര, ഗണിത ശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തി പരിചയ, ഐ.റ്റി, മൽസരങ്ങൾക്ക് സ്ക്കൂൾതലം മുതൽ സംസ്ഥാനതലം വരെ ഗ്രേഡിംഗ് സമ്പ്രദായം നടപ്പിലാക്കിയ സാഹചര്യത്തിൽ യോഗ്യരായ വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് താഴെ പറയുന്ന പ്രകാരം ഗ്രേസ് മാർക്ക് ലഭിക്കുന്നതാണ്.

| | | |
|---|---|---|
| എ ഗ്രേഡ് | - | 30 മാർക്ക് |
| ബി ഗ്രേഡ് | - | 24 മാർക്ക് |
| സി ഗ്രേഡ് | - | 18 മാർക്ക് |
| ജൂനിയർ റെഡ് ക്രോസ് | - | 10 മാർക്ക് |
| രാജ്യപുരസ്കാർ | - | എസ്.എസ്.എൽ.സി. എഴുത്തു പരീക്ഷയുടെ 5% (25 മാർക്ക്) |
| രാഷ്ട്രപതി സ്ക്കൗട്ട് ആന്റ് ഗൈഡ് | - | എസ്.എസ്.എൽ.സി.എഴുത്തു പരീക്ഷയടു◌െ 10% (49 മാർക്ക്) |

സതേൺ ഇന്ത്യ സയൻസ് ഫെയറിന് ആദ്യത്തെ 3 സ്ഥാനക്കാർക്ക് മാത്രമേ ഗ്രേസ് മാർക്കിന് അർഹതയുള്ളൂ.

| | |
|---|---|
| ഒന്നാം സ്ഥാനം | - എസ്.എസ്.എൽ.സി എഴുത്തുപരീക്ഷയുടെ 15% (74 മാർക്ക്) |
| രണ്ടാം സ്ഥാനം | - എസ്.എസ്.എൽ.സി. എഴുത്തുപരീക്ഷയുടെ 13% (64 മാർക്ക്) |
| മൂന്നാം സ്ഥാനം | - എസ്.എസ്.എൽ.സി. എഴുത്തു പരീക്ഷയുടെ11% (54 മാർക്ക്) |

നാഷണൽ സയൻസ് ഫെയറിന് പങ്കെടുത്ത വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി. എഴുത്തു പരീക്ഷയുടെ 15% (74 മാർക്ക്) ഗ്രേസ് മാർക്ക് ആയി അനുവദിക്കുന്നതാണ്.

(5) ശാസ്ത്രമേളയുടെ മാനുവൽ പരിഷ്കരിക്കുന്നതിന് മുമ്പ് സംഘടിപ്പിക്കപ്പെട്ട സി.വി. രാമൻ ഉപന്യാസ മൽസരം, സയൻസ് സെമിനാർ, സയൻസ് ഇൻവെസ്റ്റിഗേറ്ററി പ്രോജക്ട് എന്നീ മൽസരയിനങ്ങൾക്ക് താഴെ സൂചിപ്പിക്കുന്ന രീതിയിൽ ഗ്രേസ് മാർക്ക് അനുവദിക്കുന്നതാണ്.

| | | |
|---|---|---|
| എ ഗ്രേഡ് | – | 30 മാർക്ക് |
| ബി ഗ്രേഡ് | – | 24 മാർക്ക് |
| സി ഗ്രേഡ് | – | 18 മാർക്ക് |

(6)ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് മുമ്പ് 8,9 ക്ലാസ്സുകളിൽ പഠിക്കുകയും അതേ ഇനങ്ങളിൽ നിന്നും, സംസ്ഥാനതലത്തിൽ പങ്കെടുത്ത് തുടർച്ചയായി ഒരേ ഇനത്തിൽ **'എ'** ഗ്രേഡ് ലഭിച്ചവർക്കും ഒന്നാം സ്ഥാനം **'ബി'** ഗ്രേഡ് ലഭിച്ചവർക്കും കലോൽസവത്തിൽ അതേ ഇനത്തിൽ പങ്കെടുത്ത് കുറഞ്ഞ ഏതു ഗ്രേഡ് നേടിയാലും ഉയർന്ന ഗ്രേഡിന് ലഭിക്കാവുന്ന ഗ്രേസ് മാർക്കിന് അർഹത ഉണ്ടായിരിക്കും. **'എ'** ഗ്രേഡിന് ഇപ്പോൾ നൽകുന്ന 30 മാർക്ക് കൊടുക്കുന്നതാണ്.

(7) കലോൽസവങ്ങൾ, ശാസ്ത്ര, ഗണിത ശാസ്ത്ര സാമൂഹ്യശാസ്ത്ര, ഐ.റ്റി., പ്രവൃത്തി പരിചയ മേളകൾ, ഐ.റ്റി.മേള, രാഷ്ട്രപതി സ്ക്കൗട്ടിംഗ് ആന്റ് ഗൈഡ്സ്, രാജ്യപുരസ്ക്കാർ, എൻ.സി.സി., ജൂനിയർ റെഡ്ക്രോസ്, ദേശീയ ബാലശാസ്ത്ര കോൺഗ്രസ്സ് എന്നിവയുമായി ബന്ധപ്പെട്ട ഗ്രേസ് മാർക്കിനർഹതയുള്ള പ്രൊപ്പോസലുകൾ ഒരുമിച്ച് സമർപ്പിക്കാതെ പ്രത്യേകം പ്രത്യേകമായി തന്നെ സമർപ്പിക്കേണ്ടതാണ്.

(8) 8,9 ക്ലാസ്സുകളിൽ പഠിക്കുമ്പോൾ രാജ്യ പുരസ്ക്കാർ, രാഷ്ട്രപതി സ്കൗട്ട്സ് ആന്റ് ഗൈഡ് സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കിയ വിദ്യാർത്ഥികൾ 10–ാം ക്ലാസ്സിൽ പഠിക്കുമ്പോൾ സ്ക്കൗട്ട് പ്രസ്ഥാനത്തിൽ സജീവമായിരുന്നുവെന്നുള്ള ഹെഡ്മാസ്റ്ററുടെ സർട്ടിഫിക്കറ്റ് കൂടി ഉൾപ്പെടുത്തി ഗ്രേസ് മാർക്കിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(9) എൻ.സി.സി ക്ക് താഴെ സൂചിപ്പിക്കുന്ന യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് മാത്രമേ ഗ്രേസ് മാർക്കിന് അർഹതയുണ്ടാരിക്കുകയുള്ളു.

(എ) **'എ'** സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയിരിക്കണം.

(ബി) കോർപ്പറലോ അതിന് മുകളിലോ ഉള്ള റാങ്ക് ലഭിച്ചിരിക്കണം

(സി) സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ബി.എൽ.സി/വി.എസ്.സി/ എൻ.എസ്.സി/ ഐ.ഡി.സി/ആർ.ഡി.സി ഇവയിൽ ഏതെങ്കിലും ഒരു ക്യാമ്പിൽ പങ്കെടുത്തിരിക്കണം ഇല്ലെങ്കിൽ താൻ സൈനിക് ക്യാമ്പ്, റോക്ക് ക്ലയിംബിംഗ് ട്രെയിനിംഗ് ക്യാമ്പ്, നാഷണൽ ഇന്റഗ്രേഷൻ ക്യാമ്പ്.അഡ്വാൻസ്ഡ് ലീഡർഷിപ്പ് ക്യാമ്പ്, ആൾ ഇന്ത്യാ ട്രെക്ക് /ഡ്രെക്കിംഗ് എക്സ്പെഡീഷൽ ഇവയിൽ ഏതെങ്കിലും ഒരു ക്യാമ്പിൽ പങ്കെടുത്തിരിക്കണം.

(10)ജൂനിയർ റെഡ്ക്രോസ് കേഡറ്റുകൾക്ക് താഴെ സൂചിപ്പിക്കുന്ന യോഗ്യത ഉണ്ടെങ്കിൽ എസ്.എസ്.എൽ.സി ക്ക് 10 മാർക്ക് ബോണസ് മാർക്കായി അനുവദിക്കുന്നതാണ്.

(എ) സ്കൂളിൽ പ്രവർത്തിക്കുന്ന ജൂനിയർ റെഡ്ക്രോസ് യൂണിറ്റുകളുടെ പ്രവർത്തനം തൃപ്തികരമാണെന്ന് ബന്ധപ്പെട്ട സ്കൂൾ അധികൃതരുടെ സാക്ഷ്യപത്രം

(ബി) 5–ാം സ്റ്റാൻഡേർഡ് മുതൽ പത്താം സ്റ്റാൻഡേർഡ് വരെ ജെ.ആർ.സി. പ്രവർത്തനങ്ങളിൽ ബന്ധപ്പെടുകയും 75 % ഹാജരോടുകൂടി ജെ.ആർ.സി. സംസ്ഥാന കമ്മിറ്റിയുടെ കോഴ്സ് സർട്ടിഫിക്കറ്റ് (സി) നേടുകയും ചെയ്തിരിക്കണം.

(സി) ജെ.ആർ.സി സംസ്ഥാന കമ്മിറ്റി തയ്യാറാക്കി റെഡ്ക്രോസ് സൊസൈറ്റി അംഗീകരിച്ചിട്ടുള്ള സിലബസ് അനുസരിച്ച് ഫസ്റ്റ് എയ്ഡ്, അഗ്നി ശമന പ്രവർത്തനങ്ങൾ, ആരോഗ്യപരിപാലനവും, സംരക്ഷണവും ട്രാഫിക്ക് അടയാളങ്ങളും നിയമങ്ങളും എന്നീ വിഷയങ്ങളിൽ അറിവും അവയെ ആസ്പദമാക്കി ജെ.ആർ.സി സംസ്ഥാന കമ്മിറ്റി നടത്തുന്ന പരീക്ഷ 50% മാർക്കോടെ പാസ്സായതിന്റെ സർട്ടിഫിക്കറ്റ്.

(ഡി) ശുചീകരണ പ്രവർത്തനങ്ങൾ, ജീവകാര്യണ്യ പ്രവർത്തനങ്ങൾ ജില്ലാതലത്തിലോ സംസ്ഥാന തലത്തിലോ നടത്തുന്ന ജെ.ആർ.സി ക്യാമ്പ് /സെമിനാർ ഇവയിൽ ഏതിലെങ്കിലും പങ്കെടുത്തതിന്റെ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം.

(11) ദേശീയ ബാലശാസ്ത്ര കോൺഗ്രസ്സിന്റെ ഗ്രേസ് മാർക്കിനുള്ള അപേക്ഷ അതാത് സ്ക്കൂൾ ഹെഡ്മാസ്റ്ററുടെ ശുപാർശയോടുകൂടി താഴെ സൂചിപ്പിക്കുന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതാണ്. പ്രസ്തുത അപേക്ഷ പരിശോധിച്ച് ശുപാർശ ചെയ്യുന്ന അപേക്ഷകൾക്ക് മാത്രമേ വിദ്യാഭ്യാസ ഡയറക്ടറാഫീസിൽ നിന്നും ഗ്രേസ് മാർക്ക് അനുവദിക്കുകയുള്ളു.

**വിലാസം : ഡയറക്ടർ,**
**സയൻസ് സെന്റർ,**
**ജവഹർ ബാലഭവൻ, കൊല്ലം –1**

(12) എൻ.സി.സി. യുടെ ഗ്രേസ് മാർക്കിനുള്ള അപേക്ഷ അതാത് സ്ക്കൂൾ ഹെഡ്മാസ്റ്റർ മുഖേന എൻ.സി.സി, ബറ്റാലിയൻ, കമാൻഡിംഗ് ആഫീസർ ശുപാർശ ചെയ്ത് എൻ.സി.സി ഗ്രൂപ്പ് കമാൻഡിന്റെ കൗണ്ടർ സൈനോടുകൂടി താഴെ സൂചിപ്പിക്കുന്ന വിലാസത്തിൽ അയച്ചു കൊടുക്കേണ്ടതാണ്. പ്രസ്തുത അപേക്ഷ പരിശോധിച്ച് ശുപാർശ ചെയ്ത് അപേക്ഷകൾക്ക് മാത്രമേ വിദ്യാഭ്യാസ ഡയറക്ടറാഫീസിൽ നിന്നും ഗ്രേസ് മാർക്ക് അനുവദിക്കുകയുള്ളൂ.

**വിലാസം : ഡെപ്യൂട്ടി ജനറൽ ( എൻ. സി.സി.)**
**എൻ.സി.സി ഡയറക്ടറേറ്റ് ( കെ & എൽ)**
**സ്റ്റേറ്റ് വിങ്, വഴുതയ്ക്കാട്**
**തിരുവനന്തപുരം –10**

(13) പ്രധാന അദ്ധ്യാപകർ ഗ്രേസ് മാർക്കിനുള്ള അപേക്ഷ വിദ്യാഭ്യാസ ഉപഡയറ്ടർക്ക് സമർപ്പിക്കുന്നതിനുള്ള അപേക്ഷാഫാറവും, വിദ്യാഭ്യാസ ഉപഡയറക്ടർ ഗ്രേസ് മാർക്ക് അനുവദിച്ചു കൊണ്ടുള്ള നടപടി ഉത്തരവിനോടൊപ്പം സമർപ്പിക്കേണ്ട മാതൃകാഫാറവും ഇതോടൊപ്പം അയയ്ക്കുന്നു. **ഫോറം നമ്പർ ഒന്നിന്റെ പകർപ്പ് വിദ്യാഭ്യാസ ഉപഡയറക്ടർ അവരവരുടെ അധികാര പരിധിയിലുള്ള എല്ലാ ഹൈസ്ക്കൂൾ പ്രധാന അദ്ധ്യാപകന്മാർക്കും അയച്ചുകൊടുക്കേണ്ടതാണ്.**

(14) ലിസ്റ്റ് പൂർണ്ണവും കുറ്റവിമുക്തവുമായിരിക്കുവാൻ എല്ലാ പ്രധാന അദ്ധ്യാപകൻമാരും വിദ്യാഭ്യാസ ഉപഡയറക്ടർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(15) വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഗ്രേസ് മാർക്ക് അനുവദിച്ചു കൊണ്ടുള്ള നടപടി ഉത്തരവും അതോടൊപ്പമുള്ള ലിസ്റ്റും **സെക്രട്ടറി പരീക്ഷാ കമമീഷണറുടെ കാര്യാലയം പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം –12** എന്ന വിലാസത്തിൽ .25.03.2010–ന് മുമ്പായി ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതാണ്. പ്രസ്തുത ഉത്തരവിന്റെയും ലിസ്റ്റിന്റേയും ഒരു പകർപ്പ് സി.കെ.വസന്തകുമാരി പി.ആർ.ഒ, വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ജഗതി, തിരുവനന്തപുരം –14 എന്ന വിലാസത്തിൽ അയച്ചു തരേണ്ടതാണ്.

(16) ഗ്രേസ് മാർക്ക് അനുവദിച്ചുകൊണ്ടുള്ള നടപടി ഉത്തരവും, ലിസ്റ്റും പരീക്ഷാ സെക്രട്ടറിക്ക് അയച്ചുകൊടുക്കുവാൻ കാലതാമസം നേരിടുന്ന പക്ഷം ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കായിരിക്കും.

ഒപ്പ്

**എ.പി.എം. മുഹമ്മദ് ഹനീഷ്. ഐ.എ.എസ്**

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ് :
1. ഡെപ്യൂട്ടി ജനറൽ (എൻ.സി.സി), എൻ.സി.സി ഡയറക്ടറേറ്റ്, (കെ & എൽ) സ്റ്റേറ്റു വിങ്, വഴുതയ്ക്കാട്, തിരുവനന്തപുരം – 10.
2. ഡയറക്ടർ, സയൻസ് സെന്റർ, ജവഹർ ബാലഭവൻ, കൊല്ലം – 1
3. സെക്രട്ടറി, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം.
4. എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പ്രസ്തുതസർക്കുലറിന്റെ ഒരു പകർപ്പും മാതൃകാഫാറവും (ഫാറം നം. 1) അവരവരുടെ അധികാരപരിധിയിൽ വരുന്ന എല്ലാ ഹൈസ്കൂൾ പ്രധാന അദ്ധ്യാപകൻമാർക്കും അറിവിലേയ്ക്കായ അയച്ചുകൊടുക്കേണ്ടതാണ്.
5. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും (അറിവിലേയ്ക്കായി)
6. ആഫീസ് കോപ്പി,
7. കരുതൽ ഫയൽ.

**Form No. 1**

# LIST OF PUPILS ELIGIBLE FOR GRACE MARKS IN SSLC EXAMINATION MARCH 2011

**Name of School**

| Sl. No. | Name of Pupil | Centre No. | Register No. | Number of chance I or II | Name of event | Prize I, II, III | Grade | Remarks |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |

Place

Date

**Signature of the Head of Institution**

**Form No. 2**

## LIST OF PUPILS ELIGIBLE FOR GRACE MARKS IN SSLC EXAMINATION MARCH 2011

**Name of Revenue District**

| Sl. No. | Register No. | Name of Pupil | Name of School | Centre No. | Item | Grade | Marks | Remarks |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |

Place
Date

**Signature of the Deputy Director of Education**

## GRACE MARKS IN SSLC EXAMINATION MARCH 2011

| Sl. No. | Name of Item | Code | Grade | Marks | Remarks |
|---|---|---|---|---|---|
| 1 | State Youth Festival | Y F | A<br>B<br>C | 30<br>24<br>18 | |
| 2 | State Science Fair | S F | | | |
| 3 | State Mathematics Fair | M F | | | |
| 4 | State Social Science Fair | S S F | | | |
| 5 | State Work Experience Fair | W E | | | |
| 6 | State Information Technology Fair | I T | | | |
| 7 | Junior Red Cross | J R C | | 10 | |
| 8 | Rajya Puraskar | R P | | 25 | 5% of the written exam |
| 9 | Rashtrapathi Scouts/ Guides | R S/ R G | | 49 | 10% of the written exam |
| 10 | National Cadet Corps | N C C | | 49 | 10% of the written exam |
| 11 | Southern India Science Fair & Science Drama Festival | S I S F | First<br>Second<br>Third | 74<br>64<br>54 | 15% of the written exam<br>13% of the written exam<br>11% of the written exam |
| 12 | National Science Fair | N S F | | 74 | 15% of the written exam |
| 13 | National Children's Science Congress | N C S C | | 74 | 15% of the written exam |

# അനുബന്ധം - ജെ

നം. സ്പോർട്സ്(2)10/2010

വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം
തീയതി: 25/1/2010.

## സർക്കുലർ

വിഷയം:- പൊതു വിദ്യാഭ്യാസം - സ്പോർട്സ് - 2010 മാർച്ചിൽ നടക്കുന്ന എസ്.എസ്.എൽ.സി ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷകളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്കു (സ്പോർട്സ്) ഗ്രേസ്മാർക്ക് നൽകുന്നത് - സംബന്ധിച്ച്

2010 മാർച്ചിൽ നടക്കുന്ന എസ്.എസ്.എൽ.സി, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷകളിൽ സ്പോർട്സ് രംഗത്തെ മികവിന് ഗ്രേസ് മാർക്കിനർഹതയുള്ള കുട്ടികളുടെ പ്രൊപ്പോസലുകൾ ഈ ആഫീസിലേയ്ക്കു അയക്കുമ്പോൾ താഴെ പറയുന്ന നിർദ്ദേശങ്ങൾ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(1) എസ്.എസ്.എൽ.സി, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷകളിൽ കായിക രംഗത്തെ നേട്ടങ്ങൾക്ക് ഗ്രേസ് മാർക്കിനർഹതയുള്ള കുട്ടികളുടെ പേരു വിവരം നിശ്ചിത ഫോറത്തിൽ തയ്യാറാക്കി ആവശ്യമായ സർട്ടിഫിക്കറ്റുകളോടു കൂടി ഹാൾ ടിക്കറ്റിന്റെ കോപ്പി സഹിതം കുട്ടികൾ പഠിക്കുന്ന സ്കൂളിലെ പ്രധാന അദ്ധ്യാപകൻ മുഖാന്തിരം ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ വാങ്ങി സൂക്ഷ്മ പരിശോധനയ്ക്കു ശേഷം മേലൊപ്പുവച്ച് ചാക്കോ ജോസഫ്, സ്പോർട്സ് ഓർഗനൈസർ, വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ജഗതി, തിരുവനന്തപുരം - 14 എന്ന വിലാസത്തിൽ 2011 മാർച്ച് 31 ന് മുൻപായി അയച്ചുതരേണ്ടതാണ്.

(2) ഹയർ സെക്കണ്ടറി വൊക്കേഷണൽ ഹയർ സെക്കണ്ടറി പ്രൊപ്പോസലുകൾ ആവശ്യമായ സർട്ടിഫിക്കറ്റുകളോടുകൂടി ഹാൾ ടിക്കറ്റിന്റെ കോപ്പി സഹിതം ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ നേരിട്ടു ഈ ആഫീസിലേയ്ക്കു അയച്ചാൽ മതിയാകും.

(3) പൊതു വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന സംസ്ഥാന സ്ക്കൂൾ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിലും, അക്വാട്ടിക്ക് ചാമ്പ്യൻഷിപ്പിലും 1 മുതൽ 8 വരെ സ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്കും, ഗെയിംസ് വിഭാഗങ്ങളിൽ 1 മുതൽ 6 വരെ സ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്കും അംഗികൃത കായിക അസോസിയേഷനുകൾ സംഘടിപ്പിക്കുന്ന സംസ്ഥാന മത്സരങ്ങളിൽ 1, 2, 3 സ്ഥാനങ്ങൾ ലഭിച്ചവർക്കും ദേശീയ അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്കും വിജയികൾക്കും ഗ്രേസ്മാർക്കിന് അർഹത ഉണ്ടായിരിക്കും 8, 9 ക്ളാസ്സുകളിൽ പഠിച്ചിരുന്നപ്പോൾ കിട്ടിയ നേട്ടങ്ങൾക്കു ഗ്രേസ്മാർക്ക് ലഭിക്കണമെങ്കിൽ 10-ാം ക്ളാസ്സിൽ പഠിക്കുമ്പോൾ അതേ ഇനത്തിൽ കുറഞ്ഞത് റവന്യൂ ജില്ലാ മത്സരത്തിലെങ്കിലും പങ്കെടുത്തിരിക്കണം.

### സംസ്ഥാന മത്സരങ്ങൾ (എസ്.എസ്.എൽ.സി)

| | | | |
|---|---|---|---|
| എ. | ഒന്നാം സ്ഥാനം നേടുന്നവർക്ക് | - | 5 ശതമാനം (10 ശതമാനം വരെ വിജയിക്കാൻ വേണ്ട മാർക്ക്) |
| ബി. | രണ്ടാം സ്ഥാനം നേടുന്നവർക്ക് | - | 5 ശതമാനം |
| സി. | മൂന്നാം സ്ഥാനം നേടുന്നവർക്ക് | - | 3 ശതമാനം |
| ഡി. | 4 മുതൽ 8 വരെ സ്ഥാനം നേടുന്നവർക്ക് (സംസ്ഥാന സ്ക്കൂൾ കായിക മേളയിൽ) | - | 2 ശതമാനം |

ഇ. സംസ്ഥാന സ്ക്കൂൾ ഗെയിംസിൽ
4 മുതൽ 6 വരെ നേടുന്നവർക്ക് – 2 ശതമാനം

**ഹയർ സെക്കണ്ടറി / വൊക്കേഷണൽ ഹയർ സെക്കണ്ടറി**

എ. ഒന്നാം സ്ഥാനം നേടുന്നവർക്ക് – 5 ശതമാനം
ബി. രണ്ടാം സ്ഥാനം നേടുന്നവർക്ക് – 4 ശതമാനം
സി. മൂന്നാം സ്ഥാനം നേടുന്നവർക്ക് – 3 ശതമാനം
ഡി. 4 മുതൽ 8 വരെ സ്ഥാനം നേടുന്ന വർക്ക് (സംസ്ഥാന സ്ക്കൂൾ കായിക മേളയിൽ) – 2 ശതമാനം
ഇ. സംസ്ഥാന സ്ക്കൂൾ ഗെയിംസിൽ
4 മുതൽ 6 വരെ നേടുന്നവർക്ക് – 2 ശതമാനം

**ദേശീയ മത്സരങ്ങൾ**

എ. ഒന്നാം സ്ഥാനം നേടുന്നവർക്ക് – 15 ശതമാനം
ബി. രണ്ടാം സ്ഥാനം നേടുന്നവർക്ക് – 13 ശതമാനം
സി. മൂന്നാം സ്ഥാനം നേടുന്നവർക്ക് – 11 ശതമാനം
ഡി. പങ്കെടുക്കുന്നവർക്ക് – 10 ശതമാനം

**അന്തർ ദേശീയ മത്സരങ്ങൾ**

എ. ഒന്നാം സ്ഥാനം നേടുന്നവർക്ക് – 25 ശതമാനം
ബി. രണ്ടാം സ്ഥാനം നേടുന്നവർക്ക് – 23 ശതമാനം
സി. മൂന്നാം സ്ഥാനം നേടുന്നവർക്ക് – 21 ശതമാനം
ഡി. പങ്കെടുക്കുന്നവർക്ക് – 20 ശതമാനം

(4) സ്പോർട്സ് രംഗത്തെ മികവിനുള്ള ഗ്രേസ് മാർക്ക് പ്രൊപ്പോസലുകൾ പ്രത്യേകം പെർഫോമയിൽ തയ്യാറാക്കി അയച്ചുതരുവാൻ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കേരള സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായിക അസോസിയേഷനുകൾ സംഘടിപ്പിക്കുന്ന സംസ്ഥാനതല മത്സരങ്ങളിലെ മെറിറ്റ് സർട്ടിഫിക്കറ്റുകളുടെ കോപ്പി മാത്രമേ പെർഫോമയോടൊപ്പം അയക്കുവാൻ പാടുള്ളൂ.

(5) ഒരു കുട്ടിയ്ക്ക് ഒരിനത്തിന് മാത്രമേ ഗ്രേസ് മാർക്കിനർഹത ഉണ്ടായിരിക്കുകയുള്ളൂ. ആയതിനാൽ ഏറ്റവും കൂടുതൽ ഗ്രേസ് മാർക്കിന് അർഹതയുള്ള സർട്ടിഫിക്കറ്റിന്റെ പകർപ്പ് മേലൊപ്പുവച്ചു പ്രൊപ്പോസലിനോടൊപ്പം അയച്ചാൽ മതിയാകും.

(6) കായിക രംഗത്തെ ഗ്രേസ്മാർക്കിനുള്ള പെർഫോർമയുടെ മാതൃക ഇതോടൊപ്പം അയക്കുന്നു ടി പെർഫോമയുടെ കോപ്പി ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ അവരവരുടെ അധികാര പരിധിയിലുള്ള ഹൈസ്ക്കൂൾ , ഹയർ സെക്കണ്ടറി സ്ക്കൂൾ, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂൾ പ്രിൻസിപ്പാൽമാർക്കു അയച്ചു കൊടുക്കേണ്ടതും അവരിൽ നിന്നും തിരികെ ലഭിക്കുന്ന ഗ്രേസ് മാർക്കിന് അർഹതയുള്ള അപേക്ഷകൾ മാത്രം മേൽ പറഞ്ഞിരിക്കുന്ന വിലാസത്തിൽ നിശ്ചിത തീയതിക്കു മുൻപായി അയച്ചു തരേണ്ടതാണ്.

**(ഒപ്പ്)**
**പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

പകർപ്പ്;–
1. ഡയറക്ടർ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് – അറിവിലേയ്ക്ക്
2. ഡയറക്ടർ വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് – അറിവിലേയ്ക്ക്
3. എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
4. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും